

HOLY BIBLE

# ALMOST FREE!

## Excellent Christian Literature

You can receive 30 books (english), worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to:

**THE BIBLE TEACHER**
**C-22 N. D. S. E. 2**
**New Delhi-110049**

## അറിയിപ്പ്

ഒന്നിലധികം കോപ്പികൾ കിട്ടുന്നവർ ദയവു ചെയ്തു ഞങ്ങളെ അറിയിക്കുക. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

**Editors:**

**P. K. VARGHESE** **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 1** **December 1987** **No. 9**




ജനങ്ങളുടെ മാനസിക വികാരം കണക്കിലെടുത്ത് മതപരമായ ആചാരങ്ങളെ രൂപാന്തരപ്പെടുത്തുന്നതിൽ അഗ്രഗണ്യരാണ് ഇന്ന് മതാദ്ധ്യക്ഷന്മാർ. അന്തരിച്ച ഏതെങ്കിലും ഒരു പ്രമുഖ വ്യക്തിയെ വിശുദ്ധനായോ വിശുദ്ധയായോ പ്രഖ്യാപിച്ച് അവരുടെ രൂപങ്ങളും ബിംബങ്ങളുമാക്കി മാറ്റുന്നു. അങ്ങനെ അവരിൽ കൂടെയുള്ള പ്രാർത്ഥന അത്ഭുതസിദ്ധി ഉളവാക്കുന്നുവെന്ന് അല്പ ബുദ്ധികളായ ആളുകളെ തെറ്റിദ്ധരിപ്പിച്ച് ജനക്കൂട്ടത്തെ ആകർഷിപ്പിക്കുകയും നല്ലൊരു വരുമാന മാർഗ്ഗമാക്കി അതിനെ മോടിപിടിപ്പിച്ച് പെരുന്നാളുകൾ ആഘോഷിക്കുകയാണ്. ഇതു ദൈവേഷ്ടത്തിനു വിരുദ്ധവും നിഷ്പ്രയോജനവുമത്രെ. ഇതിനു പകരമായി നശിച്ചുകൊണ്ടിരിക്കുന്ന മനുഷ്യരുടെ ആത്മാക്കളെ ആശാവഹമാക്കി മാറ്റുന്നതിനുവേണ്ടി ക്രിയാത്മകമായ പ്രവർത്തനങ്ങളാണ് എല്ലാവർക്കും ഇന്നാവശ്യം. ചിന്തിക്കുക, ഉണരുക, പ്രവർത്തിക്കുക.

**പി. കെ. വർഗീസ്**

# അവൾ 'അമ്മ' എന്നു വിളിക്കപ്പെടും.

**ബെററി ബെർട്ടൺ ചോട്ടു്.**

ഒരു അമ്മയായിത്തീരുക എന്നതു് കഠിനമായ സംഗതിയാണോ? ഓരോ വർഷവും ആയിരക്കണക്കിനു് സ്ത്രീകൾ അമ്മമാരായി തീരുന്നു....പലരും മുൻകൂട്ടി തീരുമാനിക്കുന്നതിനു മുൻപു തന്നെ അമ്മമാരായി തീരാറുണ്ടു്. പുതിയ ഒരു ശിശു രൂപംകൊള്ളുന്ന ദിവസം മുതൽ അമ്മയുടെ ഉദരത്തിൽ ആ ശിശു വികസിച്ചുകൊണ്ടിരിക്കുന്നു. അമ്മയുടെ സമ്മതം വാങ്ങിയിട്ടല്ല, ശിശു അവിടെ വസിക്കുന്നതു്. ഇന്ന് വിദ്യാസമ്പന്നരെന്ന് സ്വയം അഭിമാനിക്കുന്ന പല സ്ത്രീകളും ഉദരത്തിലുള്ള ശിശുവിനെ നശിപ്പിച്ചുകളയുന്നതിന് മടിയില്ലാത്തവരാണ്... എത്രയോ വലിയ പാപമാണു അവർ ദൈവത്തോട് ചെയ്യുന്നതു എന്നു മനസ്സിലാക്കുവാൻ അവർക്കു് കഴിയുന്നില്ല. സ്വന്തം ജീവിതത്തോടും, പൂർണ്ണ വളർച്ചയിലെത്തിച്ചേരാത്ത ആ പിഞ്ചു കുഞ്ഞിനോടും ഇത്രയും ക്രൂരമായ തെററു ചെയ്യുവാൻ മനുഷ്യ ഹൃദയം എപ്രകാരം ഇങ്ങനെയായിത്തീർന്നു? ആയിരക്കണക്കിന് കൊലപാതകങ്ങളാണ് ഇന്നു ഭൂമുഖത്തു ഇപ്രകാരം ദിനംതോറും നടക്കുന്നത്.

ഭൂമിയിൽ ദിനംതോറും ജനിച്ചു വീഴുന്ന ശിശുക്കളെക്കുറിച്ച് നമുക്കു ചിന്തിക്കാം. പ്രകൃതിയുടെയും മാതൃത്വത്തിന്റെയും ക്രമീകരണ നിയമമനുസരിച്ച് ശിശുക്കൾ പിറക്കുകയും വളരുകയും ചെയ്യുന്നു. സമ്പന്നതയിലോ, ദാരിദ്ര്യത്തിന്റെ നടുവിലോ ആയിരിക്കും ജനനങ്ങൾ നടക്കുക. ചില ശിശുക്കളെ പരിചരിക്കുവാൻ അനേകർ ഉണ്ടായിരിക്കാം....മററ് ശിശുക്കൾ അനാഥരെപ്പോലെ വളരുകയും ചെയ്യുന്നു...ചില ശിശുക്കളെ അംഗീകരിക്കുവാൻ പോലും മടിക്കുന്നവർ നമുക്കുചുററുമുണ്ടു്...ഓരോ ശിശുക്കളുടെ ജനനത്തിനോടും ബന്ധപ്പെട്ട സാഹചര്യങ്ങൾ പരസ്പരം വിരുദ്ധങ്ങളായി നിലകൊള്ളുന്നു....പക്ഷേ ദൈവം ഭൂമുഖത്തു പിറന്നു വീഴുന്ന എല്ലാ കുഞ്ഞുങ്ങൾക്കും നല്കിയിട്ടുള്ള ഒരു പ്രധാന ഘടകമാണ് : അമ്മ.

ഒരു അമ്മയായി തീരുക എന്നു പറയുമ്പോൾ എന്താണ് ശരിയായി അർത്ഥമാക്കുന്നത്? വെറും ശാരീരികമായി കുഞ്ഞിനെ പ്രസവിച്ചതുകൊണ്ടു മാത്രം അമ്മമാരായി തീർന്നവരെക്കുറിച്ചല്ല; പക്ഷേ യഥാർത്ഥമായ മാതൃത്വത്തിന്റെ ഉടമയായ അമ്മ എന്നാൽ എന്താണ്?

1. അമ്മ എന്നാൽ സ്നേഹമാണ്; പിഞ്ചുകുഞ്ഞു വളരുന്നതിനോടൊപ്പം അമ്മയുടെ സ്നേഹവും വികസിക്കുന്നു. കുഞ്ഞ് ഉദരത്തിൽ രൂപം കൊള്ളുന്ന സമയത്തു, മുഹൂർത്തത്തിൽ അമ്മയുടെ സ്നേഹം ആരംഭിക്കുന്നു. അമ്മയുടെ കരങ്ങളിലേക്കും, ആശ്രയത്തോടെ കുഞ്ഞിനെ അടുപ്പിക്കുമ്പോൾ, ആ സ്നേഹം ശക്തമാകുന്നു. അമ്മ കുഞ്ഞിന്റെ എല്ലാ വികസനവും സൂക്ഷ്മമായി ശ്രദ്ധിക്കുന്നു. കുഞ്ഞ് നടക്കുവാൻ തുടങ്ങുമ്പോഴും സംസാരിക്കുവാൻ ആരംഭിക്കുമ്പോഴും, സ്കൂളിൽ പോകുവാൻ തുടങ്ങുമ്പോഴും കുഞ്ഞിനോടൊപ്പം അമ്മയുടെ സ്നേഹവും വികസിക്കുന്നു. അമ്മയുടെ സ്നേഹത്തെക്കാൾ ദൃഢമായ മനുഷ്യബന്ധങ്ങൾ വിരളമാണ്.

2. സൗമ്യതയുടെ പര്യായമാണ് അമ്മ: അമ്മ തന്റെ കുഞ്ഞിനെ ലാളിക്കുമ്പോഴും, ചുംബിക്കുമ്പോഴും ഈ സ്വഭാവഗുണം പ്രകടമായി കാണാവുന്നതാണ്. തന്റെ കുഞ്ഞിന്റെ വിരൽ മുറിയുകയോ, മററ് എന്തെങ്കിലും അസുഖം ബാധിക്കുകയോ ചെയ്യുന്ന നേരത്തി അമ്മമാർ സൗമ്യതയുടെയും വിനയത്തിന്റെയും ഉദാഹരണങ്ങളായ് തീരുന്നതു കാണാം.

3. ഒരു കുടുംബത്തിൽ എല്ലാവർക്കും ആവശ്യത്തിനുള്ള വസ്ത്രം വാങ്ങുവാൻ കഴിഞ്ഞില്ലെങ്കിൽ, ആഹാരത്തിന് തികയുന്നില്ല എങ്കിൽ എപ്പോഴും ത്യാഗത്തിന് തയ്യാറാകുന്നതു് അമ്മയാണ്. സ്വന്തം ശിശുക്കളുടെ ആവശ്യത്തിനുവേണ്ടി സ്വയം ത്യാഗം ചെയ്യുന്ന സ്വഭാവം മററാരിലും ഉണ്ടാകാറില്ല.

4. ഒരു അമ്മ തന്റെ കുഞ്ഞിനെ ശരിയായി സ്നേഹിക്കുന്നുവെങ്കിൽ തന്റെ കുഞ്ഞു കാട്ടുന്ന തെററുകൾ ഒരിക്കലും കണ്ടില്ല എന്നു കരുതുകയില്ല. ശരിയായ സ്നേഹമുള്ള അമ്മ തന്റെ കുഞ്ഞ് തെററായ വഴിയിൽ സഞ്ചരിക്കുന്നു എന്നു മനസ്സിലാക്കുമ്പോൾ ശിക്ഷയിലൂടെയും, താക്കീതിലൂടെയും നേരായ വഴിയിൽ നടത്തുന്നു. അങ്ങനെ അമ്മ ഒരു വഴികാട്ടിയും (disciplinarian) കൂടി ആയിത്തീരുന്നു. ശിശുക്കളുടെ തെററുകളും, പോരായ്മകളും പിതാവിനെക്കാളുപരി മനസ്സിലാക്കുവാൻ കഴിയുന്നത് അമ്മമാർക്കാണ്.

5. ബുദ്ധിമതിയായ അമ്മ, ദൈവവചനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി തന്റെ ശിശുവിനെ ദൈവ പരിജ്ഞാനത്തിൽ അഭ്യസിപ്പിക്കുന്നു. അമ്മയും അച്ഛനും തമ്മിലുള്ള ഇടപെടലുകളും, പെരുമാററവും ശിശുക്കൾ സൂക്ഷ്മമായി ശ്രദ്ധിക്കും. അവർ അതു ശ്രദ്ധയോടെ പഠിക്കും....ആയതിനാൽ ദൈവ ഭയമുള്ള മാതാവു്....

തന്റെ ജീവിത മാതൃകയുള്ള ജീവിതമാക്കി തീർത്തു തന്റെ കുഞ്ഞുങ്ങൾക്കു ശരിയായ പരിജ്ഞാനം നല്കുന്നു.

6. കുഞ്ഞുങ്ങളുടെ ജീവിതത്തെക്കുറിച്ചും, അവരുടെ ബലഹീനതകളെക്കുറിച്ചും, അവരുടെ കഴിവുകളെക്കുറിച്ചും മററു എല്ലാ മനുഷ്യരെക്കാളും നന്നായി അറിയുവാൻ കഴിയുന്നത് സ്വന്തം അമ്മയ്ക്കു മാത്രമാണ്...ഈ അറിവ് കുഞ്ഞുങ്ങളെ അംഗീകരിക്കുന്നതിനും, സ്നേഹിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും... അമ്മമാരെ സഹായിക്കുന്നു....കുഞ്ഞുങ്ങൾക്ക് നിർദ്ദേശങ്ങളും, സഹായങ്ങളും ആവശ്യമാണ് എന്ന് മനസ്സിലാക്കി പ്രവർത്തിക്കുകയാണ് സ്നേഹമുള്ള അമ്മയുടെ ദൗത്യം.

പ്രാർത്ഥനാ ജീവിതം അമ്മമാരെ തങ്ങളുടെ ജീവിതത്തെ ശരിയായ രീതിയിൽ മുന്നോട്ടുകൊണ്ടു പോകുവാൻ സഹായിക്കുന്നു. തങ്ങൾക്കു തങ്ങളുടെ കുഞ്ഞുങ്ങളോടൊപ്പം എല്ലാ സമയത്തും ചെലവഴിക്കുവാനും, അവരെ ശ്രദ്ധിക്കുവാനും കഴിയുകയില്ല എന്ന് മനസ്സിലാക്കുന്ന അമ്മ തന്റെ കുഞ്ഞിന്റെ എല്ലാ കാര്യങ്ങളും സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കുന്നു.

ശിശുക്കളുടെ ആത്മീയ ജീവിതത്തിനുവേണ്ട അടിത്തറ ഉറപ്പിക്കുവാൻ ബുദ്ധിമതിയായ ഒരു അമ്മയ്ക്കു കഴിയും.

ദൈവത്തിൽ നിന്ന് ദാനമായി കിട്ടിയ ശമുവേൽ എന്ന ബാലനെ ദൈവത്തിനുവേണ്ടി സമർപ്പിച്ച 'ഹന്ന' എന്ന ആ മാതാവ്; തന്റെ മകൻ ഒരു പ്രവാചകനായി തീരുന്നതിനുള്ള, അടിസ്ഥാനം ഇടുകയായിരുന്നു.

പ്രിയ സഹോദരി....ഒരു അമ്മയായ നീങ്ങൾ ഈ സത്യങ്ങൾ മനസ്സിലാക്കി നിങ്ങളുടെ ജീവിതം പ്രയോജനകരമാക്കി തീർക്കുമോ?

* * * *

# നിർമ്മലനായി കാത്തുകൊൾക !

റെയ്മണ്ടു്.

ഈ ഇരുപത്താം നൂററാണ്ടിൽ ജീവിക്കുന്ന നമുക്കു് വളരെയധികം അത്യന്താപേക്ഷിതമായ ഒരു മുന്നറിയിപ്പാണ് അപ്പോസ്തലനായ പൗലോസ് യുവാവായ തിമൊഥെയോസിനു് നൽകിയതു്. അന്നു് പൗലോസ് തിമൊഥെയോസിനെ ഓർമ്മിപ്പിച്ചതു് ഇങ്ങനെയായിരുന്നു്

‘‘യാതൊരുത്തന്റെ മേലും വേഗത്തിൽ കൈവെക്കരുതു; അന്യന്മാരുടെ പാപങ്ങളിൽ ഓഹരിക്കാരനാകയുമരുതു. നിന്നെത്തന്നേ നിർമ്മലനായി കാത്തുകൊൾക. 1 തിമൊഥെ 5:22.’’ ഈ വാക്യത്തിൽ നിന്നെത്തന്നെ നിർമ്മലനായി കാത്തുകൊൾക എന്നു് പൌലോസ് സൂചിപ്പിച്ച ഭാഗത്തെക്കുറിച്ചു് നമുക്കു മനസ്സിലാക്കുവാൻ ശ്രമിക്കാം.

കർത്താവായ യേശുക്രിസ്തു തന്റെ ഗിരിപ്രഭാഷണത്തിൽ ഇങ്ങനെ പറയുകയുണ്ടായി ‘‘ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും മത്തായി 5:8’’. എബ്രായ എഴുത്തുകാരൻ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചിരിക്കുന്നതു് ഇപ്രകാരമാണ് ‘‘എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല. എബ്രായർ 12:14.’’ ഈ രണ്ടു വേദഭാഗങ്ങളിൽ നിന്നും ഒരു സത്യം നമുക്കു് മനസ്സിലാക്കുവാൻ കഴിയുന്നു; അതായതു്, ഹൃദയശുദ്ധിയും, ശുദ്ധീകരണവും ദൈവത്തിനെ കാണുന്നതിനു് ആവശ്യമാണ്. നിർമ്മലമായ, വിശുദ്ധമായ ജീവിതം ഹൃദയ ശുദ്ധിയുടെ പ്രതിഫലനമാണ്. ഹൃദയം ശുദ്ധമായിരുന്നെങ്കിലേ ജീവിതത്തിൽ ശുദ്ധീകരണം നടക്കുകയുള്ളൂ. ജ്ഞാനിയായ ശലോമോന്റെ വാക്കുകൾ ശ്രദ്ധിക്കുക ‘‘അവൻ തന്റെ മനസ്സിൽ കണക്കു കൂട്ടുന്നതു പോലെ ആകുന്നു. സദൃശ്യവാക്യങ്ങൾ 23:7.’’

അശുദ്ധമായതും, തിന്മയായതും ചിന്തിക്കുന്ന ഒരു വ്യക്തിയ്ക്കു് വിശുദ്ധതയുള്ള ജീവിതം നയിക്കുവാൻ സാദ്ധ്യമല്ല. അതുപോലെ വിശുദ്ധമായ കാര്യങ്ങളിൽ തന്റെ മനസ്സും ചിന്തയും കേന്ദ്രീകരിച്ചിരിക്കുന്ന ഒരു മനുഷ്യനും അശുദ്ധമായ ജീവിതം നയിക്കുവാൻ കഴിയുകയില്ല.

നമ്മുടെ മനസ്സിന്റെ ചിന്തകൾ നമ്മുടെ പ്രവൃത്തികളെ സ്വാധീനിക്കുന്നു എന്നു് നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്. അതുകൊണ്ടാണ് ഫിലിപ്പിയയിലുള്ള സഹോദരന്മാരോടു് പൌലോസ് സത്യമായതും, ഘനമായതും, നീതിയായതും നിർമ്മലമായതും, രമ്യമായതും, സൽഗുണവും പുകഴ്ചയും നിറഞ്ഞതുമായ കാര്യങ്ങളെക്കുറിച്ചു് ചിന്തിക്കുവാൻ ആവശ്യപ്പെടുന്നതു്. (ഫിലിപ്പിയർ 4:8) അങ്ങനെ നന്മയായ കാര്യങ്ങളെക്കുറിച്ചുമാത്രം നാം ചിന്തിക്കുന്നുവെങ്കിൽ തിന്മയായതും, അശുദ്ധകരങ്ങളുമായ വിചാരങ്ങളെ ഒഴിച്ചുനിർത്തുവാൻ സാധിക്കും. യേശുക്രിസ്തുവിന്റെ വാക്കുകളിൽ അദ്ദേഹം ഈ സത്യം വളരെ വ്യക്തമായി വെളിപ്പെടുത്തിയതായി കാണാം. ‘‘വായിൽ നിന്നു് പുറപ്പെടുന്നതോ ഹൃദയത്തിൽ നിന്നു് വരുന്നു;

അതു മനുഷ്യനെ അശുദ്ധമാക്കുന്നു. എങ്ങനെയെന്നാൽ ദുശ്ചിന്ത, കുലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസ്സാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽ നിന്നു പുറപ്പെട്ടു വരുന്നു. മത്തായി 15:18–19". നാം കാണുന്നതും, കേൾക്കുന്നതും, വായിക്കുന്നതും, മററു മനുഷ്യരുമായുള്ള വ്യത്യസ്ത ഇടപാടുകളും നമ്മുടെ ചിന്തയെ സ്വാധീനിക്കുന്നു, നിയന്ത്രിക്കുന്നു. ടെലിവിഷനിലും, സിനിമകളിലും മാസികകളിലും കാണുന്ന നഗ്നമായ ചിത്രങ്ങളും, വാർത്തകളും അശുദ്ധകരമായ ചിന്തകളിലേയ്ക്കുള്ള വഴി നമ്മിൽ തുറക്കുന്നു. മോശകരമായി വസ്ത്രധാരണം ചെയ്യുന്ന സ്ത്രീകളെ കാണുന്നതിലൂടെ പലരുടെയും ഉള്ളിൽ ദുഷിച്ച ചിന്തകൾ ആവിർഭവിക്കാറുണ്ട്. കർത്താവിന്റെ വാക്കുകളിൽ ഇങ്ങനെ കാണുന്നു "വ്യഭിചാരം ചെയ്യരുതു എന്നു അരുളിച്ചെയ്തതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ ഞാനോ നിങ്ങളോടു പറയുന്നതു; സ്ത്രീയെ മോഹിക്കേണ്ടതിന്നു അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ടു അവളോടു വ്യഭിചാരം ചെയ്തു പോയി മത്തായി 5:27, 28." മററു ചില മനുഷ്യരെക്കുറിച്ചു അപ്പോസ്തലനായ പത്രോസ് രേഖപ്പെടുത്തിയത് ഇങ്ങനെയാണ്" അവർ വ്യഭിചാരിണിയെ കണ്ടു രസിക്കയും പാപം കണ്ടു തൃപ്തിപ്പെടാതിരിക്കയും ചെയ്യുന്ന കണ്ണുള്ളവരും സ്ഥിരമല്ലാത്ത ദേഹികളെ വശീകരിക്കുന്നവരും ദ്രവ്യാഗ്രഹത്തിൽ അഭ്യാസം തികഞ്ഞ ഹൃദയമുള്ളവരുമായ ശാപയോഗ്യന്മാർ –2 പത്രോസ് 2:14."

വസ്ത്രധാരണം ചെയ്യുമ്പോൾ ഓരോ സ്ത്രീയും വളരെയധികം ബോധമുള്ളവരായിരിക്കണം... തങ്ങളുടെ വസ്ത്രധാരണം മററുള്ളവരിൽ ഒരിക്കലും വികാരങ്ങൾ ഉണർത്തുന്നതിനുവേണ്ടിയോ ശരീരപ്രദർശനത്തിനോ മററുള്ളവരുടെ ശ്രദ്ധ ആകർഷിക്കുന്നതിനുവേണ്ടി നിലവാരം വിട്ടു താഴുകയോ ചെയ്യുന്ന തരത്തിലായിരിക്കരുതു്. ഇന്നു നമ്മുടെ ചുററും പ്രസിദ്ധീകരിക്കുന്ന മാസികകളിലും, ടെലിവിഷൻ, സിനിമ പ്രോഗ്രാമുകളിലും നമുക്കു കാണുവാൻ കഴിയുന്നതു് മനുഷ്യന്റെ (അതായതു് പ്രത്യേകിച്ചു് സ്ത്രീയുടെ) ശരീരത്തിന്റെ നഗ്നതാ പ്രദർശനങ്ങളും, ദുഷിച്ച തരത്തിലുള്ള പദപ്രയോഗങ്ങളുമാണ്. ഇവയെല്ലാം മനുഷ്യ മനസ്സുകളെ വളരെയധികം സ്വാധീനിക്കുന്നു; ഒരു തലമുറയെ തന്നെ വഴി തെററിക്കുന്നു. ലൈംഗിക അതിപ്രസരത്തിൽ ചുട്ടുപിടിച്ചിരിക്കുന്ന സമൂഹത്തിൽ ഒരാൾക്കു് എങ്ങനെ നിർമ്മലനായി തന്നെത്തന്നെ കാത്തുസൂക്ഷിക്കുവാൻ കഴിയും എന്നു സംശയിച്ചേക്കാം. കഴിയാത്ത ഒരു കാര്യമല്ല പൗലോസ് തിമോഥെയോസിനോടു് ആവശ്യപ്പെടുന്നതു്.... നാം സ്വയമായി തീരുമാനമെടുത്തു്, ആത്മനിയന്ത്രണത്തോടെ കർത്താവിന്റെ ശക്തിയിൽ വിശ്വസിച്ചു് മുന്നോട്ടുപോകുന്നു വെങ്കിൽ നമുക്കതിനു കഴിയും.... തിന്

മയുടെ സാഹചര്യങ്ങളിൽ നിന്നു് നമ്മെ തന്നെ അകററിനിർത്തി നന്മയായതു മാത്രം ചിന്തിക്കുമ്പോൾ നമ്മുടെ ഹൃദയം ശുദ്ധീകരിക്കപ്പെടും.... തീരുമാനമെടുക്കേണ്ടതു് നമ്മൾ ഓരോരുത്തരുമാണ് (റോമർ 12:1–2; 1 പത്രോസ് 1:14–16—വായിക്കുക) "ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" 1 പത്രോസ് 1: 16

---

# സത്യസന്ധത

## HONESTY )

ആൻസീൽ.

നമ്മുടെ സമൂഹത്തിൽ നിലനില്ക്കുന്ന സത്യസന്ധതയില്ലായ്മയെക്കുറിച്ചു നിങ്ങൾ ചിന്തിക്കുകയും നിരാശപ്പെടുകയും ചെയ്യുന്നുണ്ടോ? നമ്മുടെ അധികാര സ്ഥാനങ്ങളിൽ ഉപവിഷ്ഠരായിരിക്കുന്ന ഉദ്യോഗസ്ഥന്മാർ കാട്ടുന്ന അഴിമതി, കൈക്കൂലി വാങ്ങൽ എന്നിവയെക്കുറിച്ചുള്ള വാർത്തകളും ആരോപണങ്ങളും നാം തുടർച്ചയായി കേൾക്കുന്നവരാണല്ലോ. മനുഷ്യർ സത്യസന്ധരല്ലാത്തതിനാൽ നാം സൂക്ഷിക്കണം എന്ന് പലരും ഉപദേശിക്കാറുണ്ട്. നമ്മുടെ വാഹനം പൂട്ടുമ്പോഴും, നമ്മുടെ ധനം, വിലപിടിപ്പുള്ള ആഭരണങ്ങൾ മുതലായവ വീട്ടിനുള്ളിൽ ഭദ്രമായി സൂക്ഷിക്കുമ്പോഴും, നമ്മുടെ കൈയിൽ ചെക്ക്, ബിൽ തുടങ്ങിയവ ലഭിക്കുമ്പോഴും, നാം അതു നല്കുമ്പോഴും ഈ സത്യസന്ധതയില്ലായ്മ സമൂഹത്തിൽ എത്രമാത്രം നിലനില്ക്കുന്നു എന്നു നമുക്കുതന്നെ ചിന്തിക്കുവാൻ ഇടവരുന്നു.

പ്രിയസുഹൃത്തേ, താങ്കളുടെ സത്യസന്ധത എപ്പോഴെങ്കിലും താങ്കൾ പരിശോധിച്ചിട്ടുണ്ടോ? ചില സത്യങ്ങൾ ഞാൻ പറയുമ്പോൾ നിങ്ങൾ ഞെട്ടരുത്. മോഷണം, കൈക്കൂലി തുടങ്ങിയ കാര്യങ്ങളല്ല സത്യസന്ധതയില്ലായ്മയായി നാം ചിന്തിക്കുവാൻ പോകുന്നതു്. കപടമില്ലാത്ത, സത്യസന്ധമായ ഒരു സമീപനം നിങ്ങൾക്കു ദൈവവുമായി നിലനിർത്തുവാൻ കഴിഞ്ഞിട്ടുണ്ടോ? മററുള്ളവരോടും, നിങ്ങളോടുതന്നെയും നിങ്ങൾ സത്യസന്ധനാണോ?

നാം ദൈവത്തോടു സത്യസന്ധതയുള്ളവരാണെങ്കിൽ ദൈവത്തിന് പൂർണ്ണമായും കീഴടങ്ങുന്നവരായിരിക്കും. ( യാക്കോബ് 4:7 ) ദൈവത്തെ, ദൈവമായും പിതാവായും അംഗീകരിച്ചുകൊണ്ട് ദൈവത്തോട് നാം സത്യസന്ധരായി ജീവിക്കുന്നുവോ? നാം ദൈവത്തിനായി സമർപ്പിക്കുമ്പോൾ ജീവിതത്തിലെ എല്ലാ വശങ്ങളും ദൈവനിയന്ത്രണത്തിന് വിട്ടു കൊടുക്കുന്നവരായിരിക്കണം. നമ്മുടെ ജീവിത

ത്തിലെ ഏതെങ്കിലും ഒരു സ്വഭാവമോ, ശീലമോ, ഇഷ്ടമോ ദൈവഹിതത്തിനനുസരിച്ചു മാററാതെ നാം സ്വയമായി നിയന്ത്രിച്ചിട്ട് ബാക്കി ജീവിതത്തിന്റെ എല്ലാം ദൈവത്തിനായി സമർപ്പിച്ചാലും അതു പൂർണ്ണമായ കീഴടങ്ങലല്ല. ഇങ്ങനെ ദൈവനിയന്ത്രണത്തിനുവിട്ടുകൊടുക്കാത്തവരെക്കുറിച്ചു ദൈവത്തിന് പ്രസാദമില്ല. ഈ വാക്കുകൾ ശ്രദ്ധിക്കുക—''സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു; നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ. റോമർ 12:1–2'' യാഗമർപ്പിക്കുന്നതിനായി യാഗപീഠത്തിൽ വച്ചുകഴിഞ്ഞ വസ്തുവിന്റെ മേൽ പിന്നെ അധികാരം ഭാവിക്കുവാൻ കഴിയുകയില്ല....ദൈവത്തിന്റെ പൂർണ്ണമായ നിയന്ത്രണത്തിന് വിധേയമായി, കീഴടങ്ങുക എന്നാണ് ദൈവത്തിനായി നാം യാഗങ്ങളാകുക എന്നർത്ഥമാക്കുന്നത്.

അപ്പോസ്തല പ്രവൃത്തികൾ 5–ാം അദ്ധ്യായത്തിൽ അനന്യാസും ഭാര്യ സഫീറയും കൂടി ദൈവത്തിനായി ധനം പൂർണ്ണമായി നല്കുന്നു എന്നു കള്ളം പറഞ്ഞതായി വായിക്കുന്നു. ധനം അവരോടു നല്കുന്നതിനു നിർബ്ബന്ധിച്ചില്ല... പക്ഷേ അവരുടെ ആ നല്കൽ സ്വാർത്ഥമോഹത്തിനും, മാനത്തിനും വേണ്ടിയാണു ഉദ്ദേശിക്കപ്പെട്ടത്... സ്വന്തമായി ഒരു പങ്കു മാററി വച്ചതിനുശേഷം ദൈവത്തിന് പൂർണ്ണമായി നല്കുന്നു എന്നു അവർ കള്ളം പറഞ്ഞതിനാൽ അതിനുള്ള ശിക്ഷ അവർ അനുഭവിക്കുകയുണ്ടായി.

കഴിഞ്ഞ നാളുകളിൽ, ഒരു വ്യക്തി എപ്രകാരം യഥാർത്ഥമായി ദൈവത്തോട് ചേർക്കപ്പെടും എന്ന സത്യത്തെക്കുറിച്ചു താങ്കൾ മനസ്സിലാക്കിയിട്ടുണ്ടോ....മനുഷ്യരെല്ലാം പാപികളാണെന്നും, പാപികളായി തീർന്ന മനുഷ്യരെ രക്ഷിക്കുന്നതിനായാണ് ദൈവപുത്രനായ യേശുക്രിസ്തു ഭൂമിയിലേക്ക് വന്നതെന്നും... അങ്ങനെ ക്രിസ്തുവിൽ വിശ്വസിച്ചു, പാപത്തെക്കുറിച്ചു മാനസാന്തരപ്പെട്ടു ക്രിസ്തുവിനെ ഏററു പറയുന്ന മനുഷ്യൻ... പ്രപഞ്ചനത്തിനായ ജലത്താൽ സ്നാനമേൽക്കുമ്പോൾ ആ വ്യക്തി രക്ഷിക്കപ്പെടുമെന്നും, അങ്ങനെ ക്രിസ്തുവിന്റെ രക്തത്താൽ പാപമോചനം ലഭിച്ച ആ ക്രിസ്ത്യാനി ക്രിസ്തുവിന്റെ സഭയോട് കർത്താവിനാൽ ചേർക്കപ്പെടുമെന്നും ദൈവവചനത്തിൽ നിന്നും താങ്കൾ വായിച്ചുവോ? റോമർ 3:23, 6:23, യോഹന്നാൻ 3:16, റോമർ 5:8, 10:10, മർക്കൊസ് 16:15–16, മത്തായി 28:18–20, പ്രവർത്തികൾ 2:38, 22:16

2:47, റോമർ 6:3–5, ഗലാത്യർ 3:26–27 ഈ ഭാഗങ്ങളിൽ നിന്നും എങ്ങനെയാണ് ഒരു വ്യക്തി രക്ഷിക്കപ്പെടുന്നതു എന്നു വായിക്കുവാൻ കഴിയുന്നു....ദയവായി വായിക്കുമല്ലോ.

ഈ സത്യത്തോടും, അതായതു ദൈവവചനത്തോടുള്ള താങ്കളുടെ നിലപാടിൽ താങ്കൾ സത്യസന്ധനായി തീർന്നുവോ? യേശുക്രിസ്തു പറഞ്ഞു "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും. യോഹന്നാൻ 14:15").

ദൈവവചനമനുസരിച്ചു യഥാർത്ഥ, വചനപ്രകാരമുള്ള, ക്രിസ്ത്യാനിയായി തീരുന്നതിനു എന്താണ് താങ്കളെ തടസ്സപ്പെടുത്തുന്നതു? താങ്കളുടെ കീഴടങ്ങൽ പൂർണ്ണമാകുന്നതിനു എന്തെങ്കിലും പ്രയാസങ്ങൾ നേരിടുന്നുവോ? ഓർമ്മിക്കുക—"ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം? മത്തായി 16:26". ദൈവത്തിന്റെ വചനത്തോടുള്ള താങ്കളുടെ അനുസരണത്തിൽ മാത്രമേ താങ്കൾക്കു ദൈവത്തോടുള്ള സത്യസന്ധത വെളിപ്പെടുകയുള്ളു. (യാക്കോബ് 1:22 വായിക്കുക).

നമ്മുടെ ജീവിതത്തെ ഈ ലോകത്തിന്റെ കളങ്കങ്ങളിൽ നിന്നും, നാശത്തിൽ നിന്നും, നിത്യ നരകത്തിലെ ശിക്ഷാവിധിയിൽ നിന്നും രക്ഷിക്കുന്നതിനുള്ള മാർഗ്ഗം അറിഞ്ഞിരുന്നിട്ടും, അതു തള്ളി കളയുന്നുവെങ്കിൽ നമ്മോടു തന്നെ നാം സത്യസന്ധതയില്ലാത്തവരായിതീരുന്നു. മനുഷ്യ ജീവിതത്തെക്കുറിച്ചു ശരിയായി മനസ്സിലാക്കുന്നതിനു ദൈവവചനം മാത്രമേ സഹായിക്കുകയുള്ളു.... പക്ഷേ വചനത്തിലൂടെ നാം ആ സത്യം മനസ്സിലാക്കുമ്പോൾ നാം നമ്മെ തന്നെ വഞ്ചിക്കുന്നവരായി തീരരുതു്....യാക്കോബ് പറയുന്നതു ശ്രദ്ധിക്കുക, "ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ....എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെതന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ. യാക്കോബ് 1:21–22'

ഒരു ക്രിസ്ത്യാനിയുടെ ജീവിതം എപ്പോഴും തന്നോടും മററുള്ളവരോടും സത്യസന്ധത പുലർത്തുന്നതായിരിക്കും....ഈ ആധുനികത്തു, സത്യം നിഷേധിക്കപ്പെടുന്ന സമൂഹത്തിൽ, സത്യസന്ധതയോടെ ജീവിക്കുന്നത് ദൈവത്തിന്റെ മക്കളായി തീർന്ന ക്രിസ്ത്യാനികൾ മാത്രമാണ്....കാരണം....ദൈവവചനമാകുന്ന സത്യം അവരെ നിയന്ത്രിക്കുന്നു. ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതുകൊണ്ടോ വളർന്നതുകൊണ്ടോ ആരും ക്രിസ്ത്യാനിയാകുന്നില്ല. ക്രിസ്തുവിനെ അനുഗമിക്കുന്നവനാണ് ക്രിസ്ത്യാനി....ക്രിസ്തു പറഞ്ഞ വ

ചനങ്ങൾ പൂർണ്ണമായി മനസ്സിലാക്കി, അനുസരിക്കുമ്പോൾ ആ വ്യക്തി (ഏതു മതക്കാരനായാലും, ദേശക്കാരനായാലും) ക്രിസ്തുവിനോടു കൂടി ചേർക്കപ്പെടുന്നു. (യോഹന്നാൻ 8:31–32, ഗലാത്യർ 2:20).

പ്രിയ സഹോദരാ, സഹോദരീ ദൈവത്തോടുള്ള നിങ്ങളുടെ സത്യസന്ധത എപ്രകാരമായിരിക്കുന്നു? ദൈവത്തിന്റെ വചനത്തിലെ സത്യത്തിനോ, നിങ്ങളുടെ ആചാര, പാരമ്പര്യ, ക്രമങ്ങൾക്കോ നിങ്ങൾ മുൻതൂക്കം നല്കുന്നതു? മനുഷ്യർ സ്വയം നിർമ്മിച്ച പാരമ്പര്യങ്ങളിൽ കിടന്നു വഴിയറിയാതെ പതറുകയും, ജീവനില്ലാത്ത വിഗ്രഹങ്ങളുടെ മുൻപിൽ തങ്ങളെ തന്നെ സമർപ്പിക്കുകയും ചെയ്യുന്ന പാരമ്പര്യം ഉപേക്ഷിച്ചു സത്യത്തിനു വേണ്ടി താങ്കളുടെ ഹൃദയം തുറക്കുമോ?

ക്രിസ്തു പറയുന്നു—ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം (വചനം) കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും. വെളിപ്പാടു 3:20.

നിങ്ങളുടെ ഹൃദയത്തിൽ മുഴങ്ങികേട്ടുകൊണ്ടിരിക്കുന്ന ഈ ദൈവവചനങ്ങളോടുള്ള നിങ്ങളുടെ സമീപനം ദൈവത്തോടുള്ള നിങ്ങളുടെ സത്യസന്ധത വെളിപ്പെടുത്തുന്നുണ്ടോ? എല്ലാ സമ്പത്തുക്കളെക്കാളും അമൂല്യമാണ് സത്യസന്ധത. നിങ്ങൾ സ്വയം വഞ്ചിക്കപ്പെടാതിരിക്കട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. രക്ഷയ്ക്കായുള്ള (ദൈവത്തിൽ നിന്നു ദാനമായി ലഭിച്ച) അവസരം നഷ്ടപ്പെടുത്താതിരിക്കുക!

ഇപ്പോൾ ആകുന്നു സുപ്രസാദ കാലം; ഇപ്പോൾ ആകുന്നു
രക്ഷാ ദിവസം ...2 കൊരിന്ത്യർ 6:2

എന്തു സംശയമുണ്ടെങ്കിലും ദയവായി എഴുതുക.

* * * *

# മദ്യം എന്ന ഗുരുതരമായ പ്രശ്നം

ഡാൽട്ടൺ.

നമ്മുടെ നാട്ടിൽ വളരെയധികം ശ്രദ്ധ ആകർഷിക്കുന്ന ഒരു സംഭവമാണല്ലോ.... മദ്യത്തിന്റെ നിയമങ്ങളും....അതിനെ തുടർന്നുണ്ടാകുന്ന ദുരിതങ്ങളും, നമ്മുടെ നാട്ടിൽ കുറഞ്ഞതു പത്തു പേരിൽ

ഒരു വ്യക്തി എങ്കിലും മദ്യത്തിന്റെ അടിമയായിരിക്കും. ജനസമൂഹത്തിന്റെ നല്ല ഒരു പങ്ക് ഇപ്രകാരം മദ്യത്തിന്റെ ബന്ധനത്തിലാണ് എന്ന കാര്യം പലരും മനസ്സിലാക്കുന്നില്ല...രാജ്യത്തിന്റെ വരുമാനത്തിന്റെ നല്ല ഒരംശം ഈ മദ്യ വ്യവസായത്തിലൂടെ നേടിക്കൊണ്ടിരിക്കുന്നതിനാൽ, മനുഷ്യ ജീവിതങ്ങളെയും, കുടുംബങ്ങളെയും താറുമാറാക്കുന്ന മദ്യം എന്ന വിഷത്തെ ഉന്മൂല നാശം ചെയ്യാതെ; കൂടുതൽ കൂടുതൽ വരുമാന മാർഗ്ഗത്തിൽ എങ്ങനെ ഈ വ്യവസായം വളർത്താം എന്നാണ് അധികാരികൾ ചിന്തിക്കുന്നതു്.

മനുഷ്യരുടെ ജീവിത നിലവാരത്തെക്കുറിച്ചും, മദ്യം മനുഷ്യരിൽ വരുത്തുന്ന ദ്രോഹത്തെക്കുറിച്ചും യഥാർത്ഥമായി മനസ്സിലാക്കുന്ന ഒരു വ്യക്തിക്കുമാത്രമേ മനുഷ്യ ജീവിതത്തിൽ നിന്നു്, ഭൂമുഖത്തുനിന്നു്, മദ്യം പൂർണ്ണമായും മാറേണ്ടതിന്റെ ആവശ്യകത ബോദ്ധ്യം വരുകയുള്ളൂ.

മദ്യ വ്യാപാരികൾ സമ്പത്തുകൾ നേടുന്നതിനായി മനുഷ്യനെ മദ്യം എന്നു് പറഞ്ഞ് വഞ്ചന ചെയ്യുന്ന സംഭവങ്ങൾ; യഥാർത്ഥമായി ഒരു മദ്യപാനി മനസ്സിലാക്കുമെങ്കിൽ ആ വ്യക്തി ഒരിക്കലും മദ്യത്തെ ഉപയോഗിക്കുകയില്ല. ശവം സൂക്ഷിക്കുന്നതിനായി മോർച്ചറിയിൽ ഉപയോഗിക്കുന്ന സ്പിരിറ്റു്....ശവം സൂക്ഷിച്ചതിനുശേഷം (പഴുപ്പും, അണുക്കളും, രക്തവും മറ്റും കലർന്നതു്) ചില വ്യാപാരികൾ അന്യായമായ രീതിയിൽ മൊത്തമായി വാങ്ങി അതിനെ ഫിൽറ്റർ ചെയ്തു്....മയം ചേർത്തു് ചാരായമായും...,അതിൽ കളർ കലക്കി വിദേശ മദ്യമായും വിപണികളിലെത്തിക്കുന്നു.

മദ്യത്തിന്റെ പേരിൽ ഇങ്ങനെ എത്രയെത്ര വഞ്ചനകൾ....ജീവിതത്തിലെ ഭാരങ്ങളിലും, പ്രയാസങ്ങളിലും നീറിപ്പുകഞ്ഞു് അല്പം ആശ്വാസത്തിനെന്നു് പറഞ്ഞു് മദ്യ ഷാപ്പുകളിലേയ്ക്കു് പോകുന്ന പാവം മനുഷ്യൻ താൻ എന്താണ് രുചിച്ചിരിക്കുന്നതു് എന്നറിഞ്ഞിരുന്നെങ്കിൽ !

ഒരിക്കലും ലഭിക്കാത്ത, (മദ്യത്തിൽ നിന്നു്) ഈ സന്തോഷം ലഭിച്ചു എന്നു വിശ്വസിച്ചു് സ്വയം സംതൃപ്തി നേടുന്ന അനേകർ........ഒരു തമാശയായി ആരംഭിക്കുന്ന യുവാക്കൾ....മദ്യം സമൂഹ മര്യാദയായി കണക്കാക്കുന്ന, തങ്ങൾ വലിയവരെന്നു് സ്വയം അഭിമാനിക്കുന്ന സാമൂഹ്യ പ്രമുഖന്മാരും, അവരെപ്പോലെയുള്ള പ്രമുഖരായ വനിതകളും...ഇവരെല്ലാം എന്താണ് ചെയ്യുന്നതു് എന്നു് ഇവർ തന്നെ അറിഞ്ഞിരുന്നുവെങ്കിൽ....! മനുഷ്യൻ എന്ന പേരിനു് ഇത്തരക്കാർ ഒരു അപമാനം മാത്രമാണ്.

മനസ്സിന്റെ സമനില നഷ്ടപ്പെടുത്തുന്ന ഈ മദ്യം മനുഷ്യനെ ദുഷിച്ച നിലവാരത്തിലേയ്ക്കു താഴ്ത്തുന്നു....തന്റെ ആരോഗ്യം നഷ്ടപ്പെടുന്നു, പണം ദുർവിനിയോഗം ചെയ്യപ്പെടുന്നു. താനുമായി ബന്ധമുള്ള മററു വ്യക്തികൾക്കും, ഭാര്യക്കും കുഞ്ഞുങ്ങൾക്കും താൻ വെറും താഴ്ന്ന നിലവാരമുള്ള മാതൃകയായിതീരുന്നു. അങ്ങനെ മദ്യപാനി. എത്ര സമ്പന്നനായിരുന്നാലും ദരിദ്രനായാലും ഒരിക്കലും ജീവിതത്തിന്റെ യഥാർത്ഥമായ ഉദ്ദേ[illegible], സൗന്ദര്യമോ, മനസ്സിലാക്കുന്നില്ല.

ഒരു വ്യക്തി മദ്യത്തിനു് അടിമയായിതീർന്നതിനു് പല കാരണങ്ങളും കണ്ടെത്തിയെന്നിരിക്കാം..... ദാരിദ്ര്യം, ജോലിയില്ലായ്മ, തകർന്ന ദാമ്പത്യ ബന്ധം, സുഹൃത്തുക്കളുടെ പ്രേരണ, മദ്യം ഒരു ചടങ്ങായിമാറിയ കുടുംബ മഹിമ, നേരം പോക്കു്, ശരീരസുഖം....തുടങ്ങി അനവധി....

പക്ഷേ ഇവയൊന്നും മദ്യപാനത്തെ ന്യായീകരിക്കുന്നില്ല. മദ്യം കഴിക്കുന്നതു് എന്തു കാരണത്താലായാലും തെററു തന്നെയാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചതു ഇപ്രകാരം സ്വയം നശിക്കുന്നതിനല്ല. മനുഷ്യ ശരീരത്തെ മദ്യപാനത്താലും, മയക്കുമരുന്നുകളാലും, വ്യഭിചാരത്താലും നശിപ്പിക്കുവാൻ മനുഷ്യനു് യാതൊരു അവകാശവുമില്ല....മനുഷ്യ ശരീരത്തിന്മേൽ പൂർണ്ണമായ അവകാശം ദൈവത്തിന് മാത്രമാണ്. ദൈവം പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ ചെയ്യുവാൻ മനുഷ്യൻ യോഗ്യനല്ല.

ജ്ഞാനിയായിരുന്ന ശലോമോൻ രാജാവിന്റെ വാക്കുകളിൽ കൂടി ദൈവം വ്യക്തമാക്കിയതു് ഇപ്രകാരമായിരുന്നു—'' വീഞ്ഞു പരിഹാസിയും മദ്യം കലഹക്കാരനും ആകുന്നു; അതിനാൽ ചാഞ്ചാടി നടക്കുന്ന ആരും ജ്ഞാനിയാകയില്ല. സദൃശവാക്യങ്ങൾ 20:1''.

മദ്യം ഒരു വ്യക്തിയിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നു് ശലോമോൻ വ്യക്തമാക്കി ! 'ആർക്കു കഷ്ടം, ആർക്കു സങ്കടം, ആർക്കു കലഹം ? ആർക്കു ആവലാതി, ആർക്കു അനാവശ്യമായ മുറിവുകൾ, ആർക്കു കൺചുവപ്പു ? വീഞ്ഞു കുടിച്ചുകൊണ്ടു നേരം വൈകിക്കുന്നവർക്കും മദ്യം രുചിച്ചു നോക്കുവാൻ പോകുന്നവർക്കും തന്നേ. വീഞ്ഞു ചുവന്നു പാത്രത്തിൽ തിളങ്ങുന്നതും രസമായി ഇറക്കുന്നതും നീ നോക്കരുത്. ഒടുക്കം അതു സർപ്പംപോലെ കടിക്കും; അണലി പോലെ കൊത്തും. നിന്റെ കണ്ണു പരസ്ത്രീകളെ നോക്കും; നിന്റെ ഹൃദയം വക്രത പറയും. നീ നടുക്കടലിൽ ശയിക്കുന്നവനെപോലെയും പാമരത്തിന്റെ മുകളിൽ ഉറങ്ങുന്നവനെപ്പോലെയും ആകും... സദൃശവാക്യങ്ങൾ 23:29–35''

മദ്യപിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നും, അതു ജഡത്തിന്റെ പ്രവൃത്തിയിൽ ഉൾപ്പെട്ടതാണെന്നും വചനം വെളിപ്പെടുത്തുന്നു. (1 കൊരിന്ത്യർ 6:10, ഗലാത്യർ 5:21).

"പൗലോസ് പറയുന്നതു — "സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിപ്പിൻ. സകലവിധ ദോഷവും വിട്ടകലുവിൻ—1 തെസ്സലൊനിക്യർ 5:12–22" എന്നാണ്.

ശരിയായ ബുദ്ധിയോടും ബോധത്തോടും കൂടി ചിന്തിക്കുന്ന ഏതൊരു വ്യക്തിക്കും വ്യക്തമായി മനസ്സിലാകുന്ന കാര്യമാണ് മദ്യം മനുഷ്യരിൽ വരുത്തുന്ന നാശം. ദൈവവചനത്തിൽ മദ്യപാനത്തെയും, മദ്യത്തെയും ദോഷമായി ചിത്രീകരിച്ചിരിക്കുന്നതിനാൽ അതു് ഒരിക്കലും നന്മയെന്നു് അവകാശപ്പെടുവാൻ കഴിയുകയില്ല. മദ്യം ഒരു മനുഷ്യനിലും യാതൊരു നന്മയും പ്രവർത്തിച്ചിട്ടില്ല, ഇനി പ്രവർത്തിക്കുവാൻ കഴിയുകയുമില്ല; കാരണം മദ്യപാനം തിന്മയാണ് എന്നതു തന്നെ. തിന്മയിൽ നിന്നു് നന്മയെന്ന ഫലം പുറപ്പെടുമോ ?

ഒരു് വാഹനം അശ്രദ്ധയോടെ കൈകാര്യം ചെയ്യുകയാണെങ്കിൽ അധികം താമസിയാതെ തന്നെ ആ വാഹനം നശിച്ചുപോകുവാൻ ഇടയുണ്ടു്... അതുപോലെ വിലയേറിയ മനുഷ്യ ജീവിതം അതിന്റെ ശരിയായ മാർഗ്ഗത്തിൽ നയിക്കുന്നതിനു പകരം അശ്രദ്ധയോടെ മദ്യപാനത്താലും, മയക്കു മരുന്നുകളാലും, ജഢിക മോഹങ്ങളാലും നയിക്കപ്പെടുന്നുവെങ്കിൽ, വളരെപ്പെട്ടന്നു തന്നെ അതിന്റെ ഭവിഷ്യത്തുകളെ അനുഭവിക്കേണ്ടിവരും.

മനുഷ്യർ ഏപ്രകാരം ഈ ഭൂമുഖത്തു ജീവിക്കണം, എന്തിനുവേണ്ടിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചതു്, മനുഷ്യനു് ഏപ്രകാരം സന്തോഷവും, സമാധാനവും ജീവിതത്തിനു് ലക്ഷ്യവും നേടാം എന്നെല്ലാം ദൈവത്തിന്റെ വചനത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു... ആ വഴികളിലൂടെ ശ്രദ്ധയോടെ നാം സഞ്ചരിക്കുമെങ്കിൽ ഈ ലോകത്തിന്റെ മദ്യപാനത്തിന്റെയും, നാശത്തിന്റെയും വീതിയുള്ള വഴികളിൽ നിന്നു് നമുക്കു് ഒഴിഞ്ഞു മാറുവാൻ കഴിയും.

പ്രിയപ്പെട്ട വായനക്കാരാ; നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ വചനം സ്വാധീനം ചെലുത്തിയിട്ടുണ്ടോ ?

ദൈവവചനത്തിനു് വിപരീതമായ എന്തെങ്കിലും ദുഷ്യ സ്വഭാവങ്ങളും നിങ്ങളിൽ കാണുന്നുണ്ടോ ? ദയവായി വചനത്തിനു മുൻപിൽ സ്വയം സമർപ്പിച്ചു് അനുസരിക്കുവാൻ ദൈവ കൃപയാൽ കഴിയട്ടെ എന്നു് പ്രാർത്ഥിക്കുന്നു.

* * *

# ക്രിസ്തുവിന്റെ സഭ ക്രിസ്തുമസ് ആചരിക്കണോ ?

**By. Sunny David.**

പലരും അത്ഭുതപ്പെടാറും സംശയിക്കാറുമുണ്ട്... 'ചർച്ച് ഓഫ് ക്രൈസ്റ്റ് ( ക്രിസ്തുവിന്റെ സഭ ) എന്തുകൊണ്ട് ക്രിസ്തുമസ് ആഘോഷിക്കുന്നില്ല?' ലോകമെങ്ങും കോടിക്കണക്കിന് വ്യക്തികൾ **December** 25–ക്രിസ്തുവിന്റെ ജന്മദിനമായി കൊണ്ടാടുന്നുണ്ടല്ലോ. ഈ ആഘോഷത്തിന്റെ ഭാഗമായി അവർ സമ്മാനങ്ങൾ പങ്കുവയ്ക്കുക, ആശംസകൾ അയയ്ക്കുക, വളരെ പ്രത്യേക തരത്തിലുള്ള ആഹാരം പാകം ചെയ്യുക, പുതിയ വസ്ത്രങ്ങൾ ധരിക്കുക, കുടിക്കുകയും ആനന്ദിക്കുകയും....തുടങ്ങി അനവധി രീതിയിൽ ആഘോഷത്തിന്റെ ചങ്ങല നീണ്ടുപോകുന്നു.

പക്ഷേ വളരെ സത്യമായ ഒരു വസ്തുത "ക്രിസ്മസ്" എന്ന വാക്ക് ദൈവവചനത്തിൽ ഒരിടത്തും കണ്ടെത്തുവാൻ കഴിയുകയില്ല എന്നതാണ്. ശരിയായ ക്രിസ്ത്യാനിത്വത്തിൽ ഈ വാക്കിന് യാതൊരു സ്ഥാനവുമില്ല എന്നു വ്യക്തം. **Christmas** എന്ന വാക്ക് ഒരിക്കലും ക്രിസ്തുവിന്റെ ജന്മദിനം എന്നർത്ഥം നൽകുന്നില്ല എന്ന് പലരും ചിന്തിച്ചിരിക്കുകയില്ല. **"Mas of christ"** എന്നർത്ഥം വരുന്ന **"Christes Masse"** എന്ന ലാറ്റിൻ മൂല പദത്തിൽ നിന്നാണ് **'Christmas'** രൂപം കൊണ്ടിട്ടുള്ളത്. കത്തോലിക്ക സഭയിലേയ്ക്കാണ് ഈ വാക്ക് ആദ്യം കുടിയേറിയത്... തുടർന്ന് അവിടെ നിന്ന് മറ്റ് പല നാമധേയ സഭകളിലേക്കു വ്യാപിച്ചു.

ക്രിസ്തു ഏതു ദിവസമാണ് ജനിച്ചത് എന്ന് തിരുവചനത്തിൽ യാതൊരു തെളിവും നൽകപ്പെട്ടിട്ടില്ലാത്തതിനാലാണ് ക്രിസ്തുവിന്റെ സഭ ക്രിസ്തുമസ് ആഘോഷിക്കാത്തത്... ഡിസംബറിലാണോ, ജൂണിലാണോ ക്രിസ്തു ജനിച്ചത് എന്ന് ബൈബിൾ പഠിപ്പിക്കുന്നില്ല.

പക്ഷേ ക്രിസ്തുവിന്റെ ജനനത്തെപ്പറ്റി ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ് "ഹെരോദാ രാജാവിന്റെ കാലത്തു യേശു യെഹൂദ്യയിലെ ബേത്ലഹേമിൽ ( **Bethlehem** ) ജനിച്ചശേഷം, കിഴക്കു നിന്നു വിദ്വാന്മാർ യെരൂശലേമിൽ എത്തി" മത്തായി 2:1. സുവിശേഷകനായ ലൂക്കോസിന്റെ വിവരണത്തിൽ– "അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു, ശീലകൾ ചുറ്റി വഴിയമ്പലത്തിൽ അവർക്കു സ്ഥലം ഇല്ലായ്കയാൽ പശുത്തൊട്ടിയിൽ കിടത്തി" ലൂക്കോ 2:7. ഇങ്ങനെയാണ് നാം വായിക്കുന്നത്.

എപ്പോഴാണ്, എന്നാണ്, ക്രിസ്തു ജനിച്ചത്? ഹേരോദാ രാജാവിന്റെ കാലത്ത് എന്നു മാത്രമേ തിരുവചനത്തിൽ നിന്നും നമുക്ക് പറയുവാൻ കഴിയുകയുള്ളു. ഒരു മാസമോ ദിവസമോ ബൈബിറം ഇതിനെ പരാമർശിച്ച് ദൈവം രേഖപ്പെടുത്തിയിട്ടില്ല.

ഡിസംബർ 25–ക്രിസ്തുവിന്റെ ജന്മദിനമായി എന്തുകൊണ്ട് ആഘോഷിക്കുന്നില്ല എന്നതിന് ഇതു മതിയായ കാരണമല്ലേ?

അപ്പോസ്തലനായ യോഹന്നാൻ നമ്മെ താക്കീതു ചെയ്തിരിക്കുന്നത് ഇപ്രകാരമാണ് ''ഈ പുസ്തകത്തിലെ പ്രവചനം കേരംക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ: അതിനോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവനു വരുത്തും ''വെളിപ്പാട് 22:18.

ചർച്ച് ഓഫ് ക്രൈസ്റ്റ് ക്രിസ്തുമസ് ആഘോഷിക്കാതിരിക്കുന്നതിനുള്ള മറ്റൊരു കാരണം—പുതിയനിയമത്തിൽ ഒരിടത്തും ഇപ്രകാരം ക്രിസ്തുവിന്റെ ശിഷ്യന്മാരോ, വിശ്വാസികളോ **December 25** ക്രിസ്തുവിന്റെ ജന്മദിനമായി ആചരിച്ചിരുന്നു എന്നു കാണുന്നില്ല; യാതൊരു രേഖയോ തെളിവോ അപ്രകാരം ആചരിക്കുന്നതിനായി എഴുതിയിട്ടുപോലുമില്ല.

ക്രിസ്ത്യാനിത്വത്തെയും, തന്റെ സഭയെയും സ്ഥാപിക്കുന്നതിനു മുൻപായി തന്റെ ശിഷ്യന്മാരോട് സുവിശേഷം പ്രസംഗിക്കണം എന്ന് ക്രിസ്തു ആജ്ഞാപിക്കുമ്പോരം അവരോട് ഇങ്ങനെ റഞ്ഞു ''ആകയാൽ നിങ്ങരം പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും **ഞാൻ നിങ്ങളോട് കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും** കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കികൊരംവിൻ; ഞാനോ, ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട് എന്നു അരുളിച്ചെയ്തു ''മത്തായി 28:19–20.

ക്രിസ്തുവും അപ്പോസ്തലന്മാരും ആദ്യ നൂററാണ്ടിൽ വിശ്വാസികളെ ക്രിസ്തുമസ് ആഘോഷിക്കുവാൻ ഒരിക്കലും പ്രേരിപ്പിക്കുകയോ ഉപദേശിക്കുകയോ ചെയ്തിട്ടില്ലായിരുന്നു എന്ന് ചരിത്രത്തിലൂടെ നമുക്ക് വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുന്നു. അങ്ങനെ അപ്പോസ്തലന്മാർ ഉപദേശിച്ചിരുന്നുവെങ്കിൽ പുതിയനിയമ രേഖകളിൽ അതു രേഖപ്പെടുത്തുമായിരുന്നു.

ക്രിസ്തു കല്പിച്ചതിന് വിരുദ്ധമായി നാം എന്തെങ്കിലും ആഘോഷിക്കുകയും, ഉപദേശിക്കുകയും ചെയ്യുന്നത് ന്യായമാണോ?

ഈ തെളിവുകളുടെയെല്ലാം പശ്ചാത്തലത്തിൽ ഒരു കാര്യം വ്യക്തമായി മനസ്സിലാക്കാം.... ക്രിസ്തുമസ് എന്നത് ദൈവത്തിൽ നിന്നല്ല; മനുഷ്യരുടെ വെറും ആചാരം മാത്രം. ഇപ്രകാരമുള്ള ആചാരങ്ങളെക്കുറിച്ചു ക്രിസ്തു പ്രസ്താവിച്ചത് ശ്രദ്ധിക്കുക "അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു. മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു" (മത്തായി 15:8–9.) ദൈവ കല്പനയുടെ ഭാഗമല്ല ക്രിസ്തുമസ് ആഘോഷം എന്നതിനാൽ അത് വ്യർത്ഥമായ ഒരു ആരാധനയാണല്ലോ,

വിശുദ്ധന്മാർക്കു ഒരിക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി പോരാടുവാനും സകല പ്രയത്നവും ചെയ്യുക എന്നതുമാണ് ഓരോ വിശ്വാസിയുടെയും കർത്തവ്യം. ആയതിനാൽ ക്രിസ്തുമസ് ആഘോഷം ആ വിശ്വാസത്തിനു് വിരുദ്ധമായിരിക്കുന്നു. (യൂദാ 3-ാം വാക്യം)

പൗലോസ് ഇങ്ങനെ പറയുന്നു "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നേ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നേ ശോധന ചെയ്വിൻ" 2 കൊരിന്ത്യർ 13;5.

നാം കാത്തുസൂക്ഷിക്കേണ്ടതുമായ വിശ്വാസം ദൈവവചനത്തിലൂടെയാണ് നാം ആർജ്ജിക്കേണ്ടതു് (റോമർ 10;17). ആ വിശ്വാസത്തിനു് വിരുദ്ധമായ ആചാരങ്ങൾ നാം ചെയ്യുമ്പോൾ നാം വിശ്വാസത്തോടു അനീതിയാണ് കാട്ടുന്നതു്... വചനത്തിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ ചെയ്യുമ്പോൾ നമ്മുടെ വിശ്വാസം അടിസ്ഥാനമില്ലാത്തതായിത്തീരുന്നു.

ലോകത്തിൽ ഭൂരിപക്ഷവും ക്രിസ്തുമസ് ആഘോഷിക്കുന്നതിനാൽ ഞങ്ങളും അങ്ങനെ ചെയ്യുന്നു എന്നു പറഞ്ഞു പലരും സ്വയം അന്ധതയിലേയ്ക്കു് പോയിക്കൊണ്ടിരിക്കുന്നു. ഭൂരിപക്ഷവും നാശത്തിലേയ്ക്കു് നടത്തുന്ന വിശാലവും വീതിയുമുള്ള വഴിയിലൂടെ യാത്ര ചെയ്യുവാനാണ് ആഗ്രഹിക്കുന്നതു്. ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുകയും അനുഗമിക്കുകയും ചെയ്യുന്നവർക്കേ ഇടുക്കവും ഞെരുക്കവുമുള്ള നിത്യ ജീവങ്കലേയ്ക്കുള്ള വഴിയിൽ യാത്ര ചെയ്യുവാൻ കഴിയൂ. (മത്തായി 7:13–14).

ദിവസങ്ങളും ആണ്ടുകളും മാസങ്ങളും ആചരിക്കുന്നതു് യഥാർത്ഥ ക്രിസ്തീയ ജീവിതത്തിനു് യോജിച്ചതല്ല എന്നു് പൗലോസ് വ്യക്തമായി ഗലാത്യയിലുള്ള വിശ്വാസികളെ ഓർമ്മിപ്പിച്ചു. (ഗലാത്യർ 4;8–11).

പ്രിയ വായനക്കാരാ.... നിങ്ങൾ ആചരിക്കുകയും, വിശ്വസിക്കുകയും ചെയ്യുന്ന കാര്യങ്ങൾ ഒരു അടിസ്ഥാനത്തോടുകൂടി ചെയ്യണമെന്നാഗ്രഹമുണ്ടോ? എങ്കിൽ ദൈവവചനമാകുന്ന ഏക അടിസ്ഥാനത്തിൽ നിങ്ങളുടെ ജീവിതത്തെയും, പ്രവർത്തികളെയും നിയന്ത്രിക്കുമോ?

അതിന് ദൈവം സഹായിക്കട്ടെ.

* * *

# വർഗ്ഗീയതയും ക്രിസ്ത്യാനിത്വവും

**W. എഡ്വിൻ**

ആത്മീയ ജീവിതത്തിനെതിരായി പ്രവർത്തിക്കുന്ന ഒരു നശീകരണ ശക്തിയാണ് വിഭാഗീയ ചിന്താഗതി (Denominationalism) വിഭാഗീയ ചിന്താഗതി, ഭിന്നിപ്പ്, വിഭജനം, മത ഭിന്നത എന്നീ വ്യത്യസ്ത അർത്ഥങ്ങളാണ് ഈ വാക്കിനുള്ളത്. ക്രിസ്തുവിന്റെ അനുയായികളെ ഈ വാക്കിനാൽ അറിയപ്പെടുന്നത് ശരിയായ ഒരു പ്രയോഗമാണോ? denomination എന്ന വാക്കിന്റെ അർത്ഥം തന്നെ പല സ്വഭാവത്തിലുള്ള ഘടകങ്ങൾ (division) എന്നു വരുമ്പോൾ ക്രിസ്ത്യാനികളെ ഇങ്ങനെ വിഭാഗിച്ചു കാണപ്പെടുന്നത് ശരിയാണോ?

ദൈവവചനത്തിലൂടെ ഈ വിഭാഗീയ ചിന്താഗതി ശരിയോ തെറ്റോ എന്നു മനസ്സിലാക്കുവാൻ നമുക്കു ശ്രമിക്കാം. ഇന്നു നമുക്ക് ചുററും പല നാമത്തിൽ, പല വിശ്വാസത്തിൽ, പല പ്രവർത്തന ശൈലികളോടു കൂടി അറിയപ്പെടുന്ന വിഭാഗങ്ങളുണ്ട്. ഇവയെല്ലാം ദൈവത്തിന്റെ വചനപ്രകാരം തന്നെയോ നിലനില്ക്കുന്നതു എന്നു നാം മനസ്സിലാക്കിയിരിക്കേണ്ടതാവശ്യമാണ്....എല്ലാവരും തിരുവചനം തന്നെയാണ് അനുസരിക്കുന്നതു എങ്കിൽ എന്തുകൊണ്ട് ഭിന്നിപ്പു് ഉണ്ടായി? ചിന്തിക്കുക!

അപ്പോസ്തലനായ പൗലോസ് റോമിലുള്ള വിശ്വാസികളോടു ഇങ്ങനെ ഒരു മുന്നറിയിപ്പു് നല്കി. 'സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചു കൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. റോമർ 16:17''

എല്ലാ മനുഷ്യരും ഒന്നുതന്നെ വിശ്വസിക്കുകയും ചിന്തിക്കുകയും ചെയ്യുമ്പോൾ അവിടെ ഇടർച്ചയോ, ഭിന്നതയോ ഉണ്ടാകുന്നില്ല....പക്ഷേ സ്വന്തമായി ആരെങ്കിലും കേട്ടതിനും, മനസ്സിലാക്കിയതിനും വിരുദ്ധമായ മറ്റൊരു കാര്യം അവതരിപ്പിക്കുമ്പോൾ അവിടെ രണ്ടു പക്ഷം ( രണ്ടു വിഭാഗം ) ഉണ്ടാകുന്നു....പരസ്പരം യോജിപ്പുള്ള കാര്യങ്ങൾക്കായി രണ്ടു വിഭാഗം ആവശ്യമില്ലല്ലോ. ദൈവവചനത്തിൽ ഒരിക്കലും മനുഷ്യരെ വിഭജിക്കുന്നതിനായി വിഭാഗങ്ങളാക്കുവാൻ ദൈവം ഒന്നും പറയുകയില്ല. പക്ഷേ മനുഷ്യന്റെ പരിമിതമായ ബുദ്ധിയാലും സ്വാർത്ഥമായ മാനത്തിനു വേണ്ടിയുള്ള മോഹത്താലും തിരുവചനത്തെ ഉപേക്ഷിച്ചു സ്വന്തമായ അഭിപ്രായങ്ങളിൽ മനുഷ്യർ വിശ്വസിക്കുമ്പോൾ അവിടെ ഭിന്നത ഉടലെടുക്കുന്നു. തിരുവചനത്തിൽ ഒരു ഭാഗത്ത് പറഞ്ഞിരിക്കുന്ന സത്യത്തിന് വിരുദ്ധമായി മറ്റൊരു ഭാഗത്തെ ചൂണ്ടിക്കാട്ടി നാം സംസാരിക്കുമ്പോൾ നാം വളരെ വലിയ തെററാണ് ചെയ്യുന്നതു്. യഥാർത്ഥത്തിൽ അതു നമ്മുടെ അറിവില്ലായ്മയെയും, ദൈവത്തെക്കുറിച്ചുള്ള അന്ധതയെയുമാണ് ചൂണ്ടിക്കാട്ടുന്നത്. എല്ലാ മനുഷ്യരെയും സൃഷ്ടിച്ച്, രക്ഷിക്കുന്ന, സ്നേഹിക്കുന്ന ദൈവം അവരെ പല പല വിഭാഗങ്ങളാക്കുമോ?

യോഹന്നാൻ ഇങ്ങനെ എഴുതി " ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല; ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ട്. 2 യോഹന്നാൻ 9 ". ദൈവഹിതവും ദൈവവചനത്തിൽ നമുക്കായി രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതയും നാം അറിയുവാൻ കടപ്പെട്ടവരാണ്. ( എഫെസ്യർ 5:17, ഗലാത്യർ 1;6–9, 2 തിമൊഥെ 3:15–17 ). ദൈവവചനം അറിയുവാൻ നാം ആഗ്രഹം കാണിക്കാതിരിക്കുമ്പോൾ നമ്മൾ കേൾക്കുന്ന വിഭാഗീയ ചിന്താഗതികളെ തിരിച്ചറിയുവാൻ നമുക്ക് കഴിയുമോ?

ദൈവം പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അറിയുന്ന ഒരു വ്യക്തിയ്ക്കു വചനപ്രകാരമല്ലാത്ത കാര്യങ്ങൾ കേൾക്കുമ്പോൾ അതു നിഷേധിക്കുവാൻ കഴിയുന്നു. നമുക്കതിനു കഴിയുന്നുണ്ടോ?

നാം കേൾക്കുന്നതെല്ലാം പൂർണ്ണമായും സ്വീകരിക്കാതെ അവ യഥാർത്ഥത്തിൽ ദൈവവചന പ്രകാരം നിലനില്ക്കുന്നതാണോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു....കാരണം ഇന്ന് അനേകം കള്ളപ്രവാചകന്മാരും, ഉപദേശങ്ങളും ലോകത്തിൽ പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതു തന്നെ. ( പ്രവൃത്തി 20:29 ).

കർത്താവായ യേശുക്രിസ്തു ക്രിസ്ത്യാനികളുടെ ഐക്യത്തിനുവേണ്ടിയാണ് പ്രാർത്ഥിച്ചത്....ആ ഐക്യത്തിലൂടെ ലോകത്തിൽ

ഒരു സാക്ഷ്യം ഉണ്ടാകണമെന്നും ക്രിസ്തു ആഗ്രഹിച്ചു. ( യോഹന്നാൻ 17:20–21 ). പക്ഷേ ഇന്ന് ആയിരക്കണക്കിന് വിഭാഗങ്ങളുള്ള ക്രിസ്ത്യാനിത്വം പലർക്കും ഒരു അവഗണന മാത്രം. യാതൊരു സാക്ഷ്യവും, ജീവിതവുമില്ലാത്ത ഈ ക്രിസ്തീയ ഗ്രൂപ്പുകൾ തമ്മിലുള്ള തർക്കങ്ങളും, വഴക്കുകളും സാധാരണയായി തീർന്നിരിക്കുന്നു.

വിശുദ്ധനായ പൗലോസ് ക്രിസ്തീയ ഐക്യത്തിനുവേണ്ടി വിശ്വാസികളെ ഇങ്ങനെ പ്രബോധിപ്പിച്ചു. "സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നേ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു. 1 കൊരിന്ത്യർ 1:10''.

"നിങ്ങൾ ഏക മനസ്സുള്ളവരായി ഏകസ്നേഹം പൂണ്ടു ഐകമത്യപ്പെട്ടു ഏക ഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ, ഫിലിപ്പിയർ 2:2'' എന്നും " സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ എഫെസ്യർ 4:3'' എന്നും പൗലോസ് വിശ്വാസികളെ ഓർമ്മിപ്പിച്ചു.

'ക്രിസ്തുവിനെ അനുഗമിക്കുന്നവരാണ് ഞങ്ങൾ' എന്ന് സ്വയം അഭിമാനിക്കുന്നവരാണ് ഇത്തരം വിഭാഗീയ ചിന്തകളുമായി തങ്ങളുടെ ആത്മിക ജീവിതം നയിക്കുന്നത്. ക്രിസ്തു സ്ഥാപിച്ച സഭയുടെ ഏക ആധാരമായ ബൈബിളിനെ പുറംതള്ളി സ്വന്തമായി എഴുതിയുണ്ടാക്കിയ വിശ്വാസപ്രമാണങ്ങളും, സഭാചരിത്രങ്ങളും തങ്ങളുടെ വഴികാട്ടിയായി ഇവർ സ്വീകരിച്ചിരിക്കുന്നു. ( യോഹന്നാൻ 12:48, ഗലാത്യർ 1:6–9, 2 തിമൊഥെ 3:16–17;2 പത്രോസ് 1:3, എന്നീ ഭാഗങ്ങൾ വായിക്കുക ).

ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാന തത്വമായ 'മനുഷ്യന്റെ രക്ഷ'യെ ആസ്പദമാക്കിപ്പോലും വ്യത്യസ്തങ്ങളായ ഉപദേശങ്ങൾ പലരും പഠിപ്പിക്കുന്നു....രക്ഷക്കായി വിശ്വാസം മാത്രം മതി എന്നു വാദിക്കുന്നവർ, രക്ഷക്കായി പരിശുദ്ധാത്മാഭിഷേകം വേണം എന്നു കരുതുന്നവർ, മനുഷ്യർ തങ്ങളുടെ സൽ പ്രവർത്തികളാൽ രക്ഷിക്കപ്പെടും എന്നു വിശ്വസിക്കുന്നവർ, ക്രിസ്തു ദൈവപുത്രനോ, ദൈവമോ അല്ല, യഹോവ മാത്രമാണ് ദൈവം എന്നു കരുതുന്നവർ, പുണ്യവാന്മാരും പുണ്യവതികളുമാണ് മനുഷ്യരെ രക്ഷിക്കുന്നതിനു മദ്ധ്യസ്ഥത വഹിക്കുന്നതു എന്നു കരുതുന്നവർ....അങ്ങനെ എത്രയെത്ര ''സുവിശേഷങ്ങൾ''.

യേശുക്രിസ്തു പറഞ്ഞു ''വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും മർക്കൊസ് 16:15–16'' ( മത്തായി 28:18–20, പ്രവൃത്തികൾ 2:38, 22:16, റോമർ 6:3–5, എന്നീ ഭാഗങ്ങളിലൂടെ എന്താണ് മനുഷ്യന്റെ രക്ഷയ്ക്കു ദൈവം കല്പിച്ചിരിക്കുന്നതു എന്നു കാണാം ).

പക്ഷേ മനുഷ്യർ ഇന്നു വിശ്വസിച്ചിരിക്കുന്നതും, അവർ പ്രചരിപ്പിക്കുന്നതുമായ വചന വിരുദ്ധമായ ഇത്തരം ഉപദേശങ്ങൾ കണ്ട് ദൈവം എത്രമാത്രം വേദനിക്കുന്നു എന്ന് അവർ ഒന്നു ചിന്തിച്ചിരുന്നെങ്കിൽ ( യോഹന്നാൻ 12:48 ).

ഇന്ന് എല്ലാ മനുഷ്യരും ദൈവവചനത്തിലേയ്ക്കു മടങ്ങി വരേണ്ടിയിരിക്കുന്നു. അവരുടെ സ്വന്തമായ അഭിപ്രായങ്ങളും ഉപദേശങ്ങളും ഉപേക്ഷിച്ചു ദൈവം മനുഷ്യരോട് തന്റെ പുത്രൻ മുഖാന്തിരം എന്താണ് കല്പിച്ചിരിക്കുന്നത് എന്നു മനസ്സിലാക്കുവാൻ താഴ്മയോടുകൂടി സമർപ്പിക്കുമെങ്കിൽ...ദൈവം മനുഷ്യർക്കായി ഒരുക്കിയിരിക്കുന്ന അനുഗ്രഹങ്ങൾ കൈവരിക്കുവാൻ അവർക്കു് കഴിയും.

''ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്നു എന്ന പോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നല്കുന്ന പ്രാപ്തിക്കു ഒത്തവണ്ണവും ആകട്ടെ എല്ലാററിലും ദൈവം യേശുക്രിസ്തു മൂലം മഹത്വപ്പെടുവാൻ ഇടവരട്ടെ 1 പത്രോസ് 4:11''...എല്ലാ വിശ്വാസികളും പത്രോസ് പ്രസ്താവിച്ച ഈ സത്യം അനുസരിക്കുമെങ്കിൽ അവിടെ ക്രിസ്തീയ ഐക്യവും, ദൈവമഹത്വവും ഉണ്ടാകും.

ദൈവവചനത്തിന് വിരുദ്ധമായി പഠിപ്പിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവരെ നയിക്കുന്നതു ദൈവമല്ല. എങ്കിൽ, പിന്നെ ആരായിരിക്കും?

ഒന്നാം നൂററാണ്ടിൽ പന്ത്രണ്ട് അപ്പോസ്തലന്മാരിലൂടെ ലോകത്തെ കീഴ്മേൽ മറിച്ച ക്രിസ്ത്യാനിത്വം ഇന്നു എന്തുകൊണ്ട് സാക്ഷ്യമില്ലാത്തതായി?.

കാരണം മറെറാന്നുമല്ല...ഇന്ന് 'ക്രിസ്ത്യാനികൾ' എന്ന് അറിയപ്പെടുന്ന പലരും ക്രിസ്തുവിന്റെ വചനത്തിന്റെ അനുയായികളല്ല എന്നതു തന്നെ. ക്രിസ്തുവിന്റെ വചനപ്രകാരം നടക്കാത്ത പ്രവർത്തി ഒരിക്കലും ദൈവത്തിൽ നിന്നുളളതല്ലാത്തതിനാൽ സാക്ഷ

ലഭിക്കുകയില്ല...അതായത് ദൈവം ആ പ്രവർത്തിയോടൊപ്പം ഉണ്ടാകുകയില്ല.

അതുകൊണ്ട് നമുക്കു ആത്മാർത്ഥമായി ദൈവവചനം പഠിക്കുവാനും....വചന വിരുദ്ധമായ ഉപദേശങ്ങൾ തള്ളികളയുവാനും ശക്തി ഉണ്ടാകേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ ഈ വിഭാഗീയ ചിന്താഗതികളെ പുറംതള്ളികൊണ്ട് ക്രിസ്തു സ്ഥാപിച്ച ആ ഏക സഭയിൽ അംഗങ്ങളായി തീരുവാൻ കഴിയുകയുള്ളു.

'നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവു ഒന്നു, കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു.' എഫെസ്യർ 4:4—7.

ഏകമായ ക്രിസ്തുവിന്റെ സഭയെ കണ്ടെത്തുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

* * * *

# തിരുവചനത്തിലെ സഭ

( The Church of the BIBLE )

## സഭയുടെ പ്രവർത്തനം

J. C ചോട്ടു

എന്തിനുവേണ്ടിയാണ് സഭ ഭൂമുഖത്തു നിലനില്ക്കുന്നതു? അതിന്റെ ഉദ്ദേശവും പ്രവർത്തനവും എന്താണ്? ഈ കാര്യങ്ങൾ മനസ്സിലാക്കുവാൻ തിരുവചനത്തെ ( Bible ) തന്നെ നാം ആശ്രയിക്കേണ്ടിയിരിക്കുന്നു.

സഭയുടെ പ്രവർത്തനം സ്കൂളുകൾ നടത്തുക, ആശുപത്രികൾ സ്ഥാപിക്കുക എന്നിവയല്ല എന്നു നാം ആദ്യം തന്നെ മനസ്സിലാക്കണം. ധന സമ്പാദനത്തിനുവേണ്ടി പുസ്തക പ്രസിദ്ധീകരണങ്ങൾ നടത്തുകയുമല്ല സഭയുടെ ഉദ്ദേശം. ഇവയെല്ലാം നല്ല കാര്യങ്ങളും, വ്യക്തികൾ അവ ചെയ്യുന്നതു നന്മയുമായിരിക്കുന്നുവെങ്കിലും ഇവയൊന്നും സഭയുടെ പ്രവർത്തനമല്ല എന്നു നാം അറിഞ്ഞിരിക്കേണ്ടതു ആവശ്യമാണ്.

ദൈവം തന്റെ ജനത്തിനെ വീണ്ടെടുത്ത ഉദ്ദേശത്തെയും, ദൈവീക പദ്ധതിയെയും അവഗണിച്ചുകൊണ്ട് ഇന്ന് മത തീഷ്ണരായ അനേകർ ഇത്തരം സാമൂഹ്യ പ്രവർത്തനങ്ങളിലും, ഉത്തരവാദിത്ത-

ങ്ങളിലും മുഴുകി ദൈവഹിതത്തിൽ നിന്നു അകന്നു, കഴിയുന്നു. ദൈവവചനത്തിലൂടെ സഭയുടെ പ്രവർത്തനത്തെപററി നാം മനസ്സിലാക്കുമ്പോൾ അവ പ്രധാനമായും മൂന്നായി തരം തിരിച്ചിരിക്കുന്നതു കാണാം. ഓരോന്നായി നമുക്ക് ശ്രദ്ധിക്കാം.

1. സുവിശേഷം (പ്രസംഗിക്കുക–Preaching the Gospel).

ക്രിസ്തു തന്റെ പുനരുദ്ധാനത്തിനു ശേഷം, ഉയിർത്തെഴുന്നേല്പിനു തൊട്ടു മുൻപായി തന്റെ അപ്പോസ്തലന്മാരോടായി ഇപ്രകാരം അരുളിച്ചെയ്തു. ''ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്....മത്തായി 28:19,20'' മർക്കോസിന്റെ വിവരണത്തിൽ ക്രിസ്തുവിന്റെ ഈ കല്പന ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ''പിന്നെ അവൻ അവരോടു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. മർക്കൊസ് 16:15–16''

അപ്പോസ്തലനായ പൗലോസ് തിമൊഥെയോസിനെ ഇപ്രകാരം പ്രബോധിപ്പിക്കുകയുണ്ടായി ''വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങി നില്ക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക....2 തിമൊഥെ 4:2''. അനേകം വേദഭാഗങ്ങൾ ഉദ്ധരിക്കാമെങ്കിലും പ്രധാനമായും ഈ ഭാഗങ്ങളിൽ നിന്ന് സുവിശേഷം മററുള്ളവരോടു പ്രസംഗിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാണല്ലോ.

അപ്പോസ്തലന്മാരുടെ കാലത്തു സഭ എന്താണു ചെയ്തിരുന്നതു? ക്രിസ്തു കല്പിച്ചതുപോലെ, തന്നെ, പ്രവർത്തിച്ചിരുന്നവരാണു അവർ. അവരെല്ലാം വചനം സംസാരിച്ചു, എന്നതു അപ്പോസ്തലപ്രവർത്തികളിൽ പല ഭാഗത്തും വിവരിച്ചിട്ടുണ്ട്. വിവരിച്ചിട്ടുള്ള എല്ലാ മാനസാന്തര അനുഭവങ്ങളിലും ഉപദേശകൻ വചനം (ദൈവഹിതം) സംസാരിച്ചിട്ടുള്ളതായി കാണാം. (പ്രവൃത്തികൾ 2,8,9,10,16 എന്നീ അദ്ധ്യായങ്ങൾ വായിക്കുക). ആരാണ് അന്നു വചനം സംസാരിച്ചതു? യെരുശലേമിൽ സഭയ്ക്കു വലിയ പരീക്ഷണവും, പീഡനവും നേരിട്ടപ്പോൾ ''ചിതറിപ്പോയവർ വചനം സുവിശേഷിച്ചും കൊണ്ടു അവിടവിടെ സഞ്ചരിച്ചു. പ്രവൃത്തികൾ 8:4'' എന്നു വചനത്തിലൂടെ കാണുന്നു.

എന്താണു അവർ സംസാരിച്ചിരുന്നതു? ഇതിനു വ്യക്തമായ മറുപടി ലഭിക്കണമെങ്കിൽ പ്രവർത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്ന മാനസാന്തര അനുഭവങ്ങളിലൂടെയുള്ള പഠനം അതിനു സഹായിക്കും. ചുരുക്കമായി പറയുകയാണെങ്കിൽ അവർ ക്രിസ്തുവിന്റെ ദിവ്യത്വത്തെക്കുറിച്ചും, രക്ഷയ്ക്കായി ഒരുവൻ എന്തുചെയ്യണമെന്നും, സഭയുടെ പ്രാധാന്യത്തെക്കുറിച്ചും, ആരാധനയെക്കുറിച്ചും, ക്രിസ്തീയ ജീവിതത്തെക്കുറിച്ചും മററുമായിരുന്നു സംസാരിച്ചിരുന്നതു്.

പൗലോസിന്റെ വാക്കുകളിലൂടെ ചുരുക്കമായി ഈ സത്യം രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണു. ''ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു. 1 കൊരിന്ത്യർ 1:18.''

സുവിശേഷം പ്രസംഗിക്കേണ്ടതു ക്രിസ്തുവിന്റെ കല്പനയോടുള്ള അനുസരണമാണ് എന്നതിലുപരി മററൊരു വസ്തുത; ഒരുവന വിശ്വാസം ഉണ്ടാകേണ്ടതു ദൈവവചനം കേൾക്കുന്നതിലൂടെയാണു്. റോമർ 10:17.

ക്രിസ്തുവിന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണു. ''സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും....യോഹന്നാൻ 8:32'' ഇതിനു ആധാരമായി രേഖപ്പെടുത്തിയിരിക്കുന്ന പൗലോസിന്റെ വാക്കുകൾ ഇപ്രകാരമാണു ''എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെവിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെഎങ്ങനെകേൾക്കും? റോമർ 10:14'' മനുഷ്യരെല്ലാം പാപികളായിതീർന്നിരിക്കുന്നതിനാൽ ( റോമർ 3:23, 6:23 ) ദൈവസ്നേഹത്തിന്റെ സുവിശേഷം അവരോടു പ്രസംഗിക്കേണ്ടതും ( റോമർ 5:8 )ആവശ്യമാണ്.

മനുഷ്യരുടെ രക്ഷകനായ ക്രിസ്തുവിനെ അനുസരിക്കുന്നതിലൂടെ അവർക്കു പാപമോചനം ലഭിക്കുമെന്നു ( യോഹന്നാൻ 3:16, റോമർ 1:16,17, മർക്കൊസ് 16:15–16 ). മനസ്സിലാക്കിയിരിക്കേണ്ടതും ആവശ്യമാണ്. ദൈവഹിതം അനുസരിക്കാതെയും കേൾക്കാതെയും ജീവിക്കുന്നവർ നഷ്ടപ്പെട്ടവരാണ്. ( 2 തെസ്സലൊനിക്യർ 1:7–9 ). ആയതിനാൽ സുവിശേഷം പ്രസംഗിക്കപ്പെടണം.

2. സാധുക്കളെ സഹായിക്കുക (Benevolence)

ക്രിസ്തുവിന്റെ സഭ ആവശ്യക്കാരോടും, സാധുക്കളോടും കരുണയുള്ളവരും കരുതലുള്ളവരും ആയിരുന്നു എന്നു വചനത്തിലൂടെ മനസ്സിലാക്കുവാൻ കഴിയുന്നു. പ്രവൃത്തികൾ 2:45–ൽ ഇപ്രകാരം കാണുന്നു.

‘‘സകലവും പൊതുവക എന്നു എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിററു അവനവന്നു ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും....’’ സ്വന്തം മനസ്സാലെയാണു വിശ്വാസികൾ ഇപ്രകാരം ചെയ്തിരുന്നതു... ആരുടെയും നിർബ്ബന്ധത്താലല്ല. പ്രവൃത്തികൾ 6–ാം അദ്ധ്യായത്തിൽ ഈ ശുശ്രൂഷക്കായി ചിലരെ അപ്പോസ്തലന്മാർ നിയമിക്കുന്നതായും കാണാം.

യെരുശലേമിലുള്ള വിശുദ്ധന്മാരുടെ മുട്ടുതീർക്കുന്നതിനായി പൗലോസ് യാത്ര തിരിക്കുന്നതായി നാം വായിക്കുന്നു. പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക ‘‘യെരുശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്കു ഏതാനും ധർമ്മോപകാരം ചെയ്‌വാൻ മക്കെദോനയിലും അഖായയിലും ഉള്ളവർക്കു ഇഷ്ടം തോന്നി. റോമർ 15:25, 26’’.

കൊരിന്തിലുള്ള വിശുദ്ധന്മാർക്കായി എഴുതുമ്പോൾ രേഖപ്പെടുത്തിയിരിക്കുന്നതു ഇങ്ങനെയാണ് ‘‘വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യസഭകളോടു ആജ്ഞാപിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ. ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിനു ആഴ്ചവട്ടത്തിൽ ഒന്നാം നാൾതോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതു ചരതിച്ചു തന്റെ പക്കൽ വെച്ചുകൊള്ളേണം. 1 കൊരിന്ത്യർ 16:1–2’’.

ആരെയാണു സഹായിക്കേണ്ടതു? സഭയിലെ പാവപ്പെട്ടവരും ആവശ്യക്കാർക്കുമാണു നമ്മുടെ സഹായഹസ്തം നീട്ടേണ്ടതു എന്നു വ്യക്തമാണല്ലോ. സാധുക്കൾ, പ്രായം ചെന്നവർ, വിധവമാർ, അനാഥർ തുടങ്ങിയവർ സഹായം അർഹിക്കുന്നവരിൽ ചിലരാണു.

‘‘ആകയാൽ അവസരം കിട്ടും പോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മചെയ്ക. ഗലാത്യർ 6:10’’ എന്നാണു വചനത്തിലൂടെ ദൈവം നമ്മോടു കല്പിച്ചിരിക്കുന്നതു. സ്വയമായി അദ്ധ്വാനിക്കുന്നതിനു കഴിവും, സഹായിക്കുവാൻ പ്രാപ്തിയുള്ള ബന്ധുക്കളും ഉണ്ടായിരിക്കെ സഹായം ആവശ്യപ്പെടുന്നവർക്കു ഒരിക്കലും നമ്മുടെ സഹായം ആവശ്യമില്ല. ദൈവത്തിന്റെ ധനം ബുദ്ധിപരമായി കൈകാര്യം ചെയ്യേണ്ടതുണ്ട്. സുവിശേഷം പ്രചരിക്കുന്നതിനു ദാനധർമ്മങ്ങൾ നല്ല മുഖാന്തിരങ്ങളായി തീരാറുണ്ടു. സഭയ്ക്കു പുറത്തുള്ളവരെ നാം സഹായിക്കുമ്പോൾ സുവിശേഷത്തിലേയ്ക്കു അവർക്കു കടന്നുവരുന്നതിനുള്ള വഴിയാണ് നാം തുറക്കുന്നതു (യാക്കോബ് 1:27–ഉം 2–ാം അദ്ധ്യായവും നോക്കുക).

ഇത്തരത്തിലുള്ള സഹായത്തിന് എവിടെ നിന്നാണ് ധനം ലഭിക്കുക? ദൈവത്തിനുവേണ്ടി കൊടുക്കുവാൻ തയ്യാറുള്ള അംഗങ്ങളിലൂടെയാണ് ഇതു സാദ്ധ്യമാകുന്നത്. (1 കൊരിന്ത്യർ 16:1,2; 2കൊരിന്ത്യർ 9:6,7). ക്രിസ്ത്യാനികൾ ദൈവത്തിനു നല്കുവാൻ പരാജയപ്പെട്ടാൽ സഭയിൽ ഒരിക്കലും ആവശ്യക്കാർക്കു സഹായം നല്കുവാൻ കഴിയുകയില്ല.

3. സഭയുടെ പ്രബോധനം (**Edifying the Church**). ആത്മീയ വളർച്ചയിൽ ക്രിസ്ത്യാനികളെ എത്തിക്കുന്നതിനുവേണ്ടി അവരെ ശക്തരാക്കുക, പ്രോത്സാഹിപ്പിക്കുക, ഉറപ്പിക്കുക, സഹായിക്കുക ഇവയാണ് പ്രബോധനം എന്ന് ഉദ്ദേശിക്കുന്നത്.

ദൈവ വചനത്തിന്റെ പ്രാധാന്യം, കൂട്ടായ്മയുടെ ആവശ്യം, ആരാധനാരീതി, പരസ്പരം സഹായിക്കുന്നതിനുള്ള ഉത്സാഹം, സ്നേഹിക്കുന്നതിനുള്ള കഴിവ് എന്നീ കാര്യങ്ങളെക്കുറിച്ചും മറ്റും അവരെ ബോധവാന്മാരാക്കേണ്ടതാവശ്യമാണ്. (പ്രവൃത്തികൾ 9:31, റോമർ 14:19, 1 കൊരിന്ത്യർ 8:1, 1 തെസ്സലോനിക്യർ 5:11, 1 കൊരിന്ത്യർ 14:26, 2 കൊരിന്ത്യർ 12:19, എഫെസ്യർ 4:12.... എന്നീ ഭാഗങ്ങൾ ശ്രദ്ധിക്കുക).

കേന്ദ്രീകരിക്കപ്പെട്ട ഒരു ഭരണ സംവിധാനമില്ലാതെ ഈ കാര്യങ്ങളെല്ലാം എങ്ങനെ നടത്താം എന്ന് പലരും സംശയിച്ചേക്കാം. പക്ഷേ ദൈവത്തിന്റെ വഴി അപ്രകാരമല്ല. ദൈവത്തിന്റെ വഴിയാണല്ലോ ഏറ്റവും ശ്രേഷ്ഠം. നാം ഒരോരുത്തരും ചെയ്യുവാൻ കടപ്പെട്ടിരിക്കുന്ന കാര്യങ്ങൾ ചെയ്യുമ്പോൾ ദൈവനാമം മഹത്വപ്പെടുകയും ഈ കാര്യങ്ങൾ സുഗമമായി തീരുകയും ചെയ്യുന്നു എന്നതാണ് വാസ്തവം. ക്രിസ്തുവാണ് സഭയുടെ തല, ഓരോ കൂട്ടായ്മയും, അംഗങ്ങളും, അവയവങ്ങൾ മാത്രം. ഓരോ വ്യക്തികളും തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുമ്പോൾ എല്ലാം ഭംഗിയായി നടക്കുന്നു. നിർബ്ബന്ധത്താലല്ല നാം ഇതെല്ലാം ചെയ്യേണ്ടതു...പിന്നെയോ ദൈവത്തോടുള്ള സ്നേഹത്തിന്റെ പ്രതിഫലനമായിരിക്കണം നമ്മുടെ ജീവിത രീതി.

സുവിശേഷം പ്രസംഗിക്കുക, സാധുക്കളെ സഹായിക്കുക, പ്രബോധനം ചെയ്യുക ഇവയെല്ലാം ആത്മാക്കളെ രക്ഷിക്കുന്നതിനു വേണ്ടി ഉദ്ദേശിച്ചിട്ടുള്ള കാര്യങ്ങളാണ്. ഈ പ്രവർത്തനങ്ങളിലെല്ലാം ദൈവ നാമം മഹത്വപ്പെടണം. സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ രാഷ്ട്രീയ പ്രവർത്തനം നടത്തുകയോ, വ്യാപാരം ചെയ്യുകയോ അല്ല സഭയുടെ ഉദ്യമം. ക്രിസ്തുവിന്റെ സഭ ഒരു ആത്മീയ ശരീര

മാണ്. ലോകപ്രകാരമല്ല, പക്ഷേ ലോകത്തിൽ നിലനില്ക്കുന്നതും ദൈവവചനമനുസരിച്ചു് മനുഷ്യരെ സേവിച്ചു്, വിശുദ്ധതയോടെ നിലനില്ക്കുന്നതുമായ ഒന്നാണ് അതു്. മനുഷ്യരുടെ ആത്മാക്കളുടെ രക്ഷക്കായി, സൃഷ്ടാവിന്റെ മഹത്വത്തിനായി പ്രവർത്തിക്കുകയാണ് ക്രിസ്തുവിന്റെ സഭയുടെ ഉദ്ദേശവും ലക്ഷ്യവും.

* * * *

# പുതുതായി ജനിക്കണം

**M. K. Kurian**
**Mamundail**

പുതിയതായി ജനിക്കണം എന്നുള്ളതു് മനുഷ്യന്റെ രക്ഷയ്ക്കായുള്ള ഏററവും മുഖ്യമായ ദൈവ കല്പനയാണ്. (യോഹ 3:3) (യോഹ 14:24).

.... എന്നാൽ യെഹൂദന്മാരുടെ ഒരു പ്രമാണിയായിരുന്ന നിക്കോദേമൊസ് എന്ന പരീശൻ പുതുതായി ജനിക്കണമെന്നു കേട്ടപ്പോൾ വിസ്മയിച്ചു പോയി. അതുകൊണ്ടാണു മനുഷ്യന് രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്നു ജനിക്കുവാൻ സാധ്യമോ എന്ന് അവൻ ചോദിച്ചതു. (യോഹ 3:1—4). എന്നാൽ പുതുതായി ജനിക്കേണ്ടതിനു വീണ്ടും അമ്മയുടെ ഉദരത്തിൽ കടക്കേണ്ട ആവശ്യമില്ല എന്നും അതു യാഥാർത്ഥ്യമാക്കുന്നതു വെള്ളത്താലും ആത്മാവിനാലും ആണെന്നും ക്രിസ്തു പഠിപ്പിച്ചു. എന്നു തന്നെയുമല്ല, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ദൈവ രാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല എന്നും അവൻ വെളിപ്പെടുത്തി. (യോഹ3:5). വെള്ളത്താലും ആത്മാവിനാലും ജനിക്കുക എന്ന വിഷയത്തെ ആസ്പദമാക്കി തിരുവചന വിരുദ്ധമായ പല ഉപദേശങ്ങളും ഇന്നു് ക്രൈസ്തവലോകത്തിൽ നിലവിലുണ്ട്. എന്നാൽ തിരുവചന വെളിച്ചത്തിൽ യഥാർത്ഥ ഉപദേശം ഏതെന്നു നമുക്കു പരിശോധിക്കാം.

ക്രിസ്തു അതേക്കുറിച്ചു പഠിപ്പിക്കുന്നതു ഇപ്രകാരമാണു. "കാററു ഇഷ്ടമുള്ളേടത്തു ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അതു എവിടെ നിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല. ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെയാകുന്നു, എന്നു (യോഹ 3:8). വെള്ളത്താലും ആത്മാവിനാലും ജനിച്ചവനെയാണ് ഇവിടെ "ആത്മാവിനാൽ ജനിച്ചവൻ" എന്നു ക്രിസ്തു വിശേഷിപ്പിച്ചിരിക്കുന്നതു. ലളിതമായി പറഞ്ഞാൽ, ഒരുവൻ ആത്മാവിനാൽ ജനിച്ചു എന്നു

വെച്ചാൽ അതിന്റെയർത്ഥം അവൻ വെള്ളത്താലും ആത്മാവിനാലും ജനിച്ചു എന്നാണു. എന്നിട്ടും നിക്കോദേമോസിനു അതിന്റെ രഹസ്യം മനസ്സിലായില്ല. അതിനാലാണ് "ഇതു എങ്ങനെ സംഭവിക്കും" എന്നു അവൻ ക്രിസ്തുവിനോടു ചോദിച്ചതു (യോഹ 3:9).

"മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" എന്നാണ് ക്രിസ്തു അതിനു നല്കിയ മറുപടി (യോഹ 3:14–16).

ദൈവം തന്റെ ഏക പുത്രനായ ക്രിസ്തുവിനെ ക്രൂശിൽ ബലിയർപ്പിക്കയും, മരിച്ചവരുടെയിടയിൽ നിന്നു അവനെ ഉയിർത്തെഴുന്നേല്പിക്കയും അതേ തുടർന്നു മനുഷ്യൻ പുതുതായി ജനിക്കുവാനുള്ള മാർഗ്ഗം തുറക്കപ്പെടുകയും ചെയ്യും എന്നാണു ക്രിസ്തു പറഞ്ഞതിന്റെ അർത്ഥം. എന്തുകൊണ്ടെന്നാൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനുമുമ്പായി തന്റെ അപ്പോസ്തലന്മാരോടു സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കണമെന്നു ആജ്ഞാപിച്ചു. വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്നും അവൻ പറഞ്ഞു (മർക്കൊ 16:15–16). തുടർന്നു അവർക്കു പരിശുദ്ധാത്മ സ്നാനം വാഗ്ദത്തം ചെയ്തശേഷം അവൻ സ്വർഗ്ഗാരോഹണം ചെയ്തു (പ്രവൃ 1:5 വാക്യം 8). അതിനുശേഷമുള്ള പെന്തെക്കൊസ്തു നാളിൽ, അപ്പോസ്തലന്മാർക്കു പരിശുദ്ധാത്മ സ്നാനം ലഭിച്ചു. അപ്പോൾ മുതൽ പരിശുദ്ധാത്മാവു അപ്പോസ്തലന്മാർ മുഖാന്തരം ലോകത്തോടു സുവിശേഷം പ്രസംഗിക്കുവാനും ആരംഭിച്ചു. (1 പത്രോ 1:10–12 ) (പ്രവൃ 2:4).

പ്രിയരേ, അപ്പോസ്തലന്മാർ പ്രസംഗിച്ച ഈ സുവിശേഷം സാക്ഷാൽ ദൈവ വചനമാകുന്നു (1 തെസ്സ 2:13). അതു ആത്മാവിന്റെ വചനമാകുന്നു (യോഹ 4:24) (1 പത്രോ 1:12). ആയതിനാൽ ഈ സുവിശേഷം അനുസരിക്കുന്നവർ പുതുതായി ജനിക്കുന്നു. ആത്മാവിനാൽ ജനിക്കുന്നു, അഥവാ വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നു (യോഹ 6:63). കാരണം, പരിശുദ്ധാത്മാവ് അപ്പോസ്തലന്മാരിൽ കൂടി "ഈ വചനം" (സുവിശേഷം) [illegible]മെന്നു ഉപദേശിച്ചു (പ്രവൃ 2:22) (എഫെ 1:13). (റോമ 10:17). പരി

ശുദ്ധാത്മാവു യേശുക്രിസ്തുവിൽ വിശ്വസിക്കണമെന്നു ഉപദേശിച്ചു. (പ്രവൃ 19:31 . മാനസ്സാന്തരപ്പെടണമെന്നും, യേശുവിനെ ഏറ്റു പറയണമെന്നും പരിശുദ്ധാത്മാവ് ഉപദേശിച്ചു (പ്രവൃ 17:30) (റോമ 10:9–10). എല്ലാററിലുമുപരിയായി പാപങ്ങളുടെ മോചനത്തിനും പരിശുദ്ധാത്മദാനം ലഭിക്കേണ്ടതിനുമായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കണമെന്നും പരിശുദ്ധാത്മാവ് ഉപദേശിച്ചു. (പ്രവൃ 2:38–39). സ്നാനം വെള്ളത്തിലുള്ള അടക്കമാണെന്നും പരിശുദ്ധാത്മാവു പഠിപ്പിക്കുന്നു. (കൊലൊ 2:12).

ഈ ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിക്കുന്നവർ ആത്മാവിനാൽ ജനിക്കുന്നു. അവർ വെള്ളത്തിൽ സ്നാനം ഏല്ക്കുന്നതിനാൽ വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നു (യോഹ 3:5). ആത്മാവിനാൽ ജനിക്കുന്നു, എന്നും ദൈവ വചനത്താൽ ജനിക്കുന്നു എന്നും പറയുന്നതിന്റെ സാരം ഒന്നു തന്നെ (1 പത്രോ 1:23) (യോഹ 3:8) റോമ 6:17–18). പുതുതായി ജനിക്കണമെന്നുള്ള ദൈവ കല്പന നാം യാഥാർത്ഥ്യമാക്കുന്നതു ഇപ്രകാരം സുവിശേഷം അനുസരിക്കുന്നതിൽ കൂടിയാണു. (യോഹ 13:20) എബ്രാ 5:8–9 ). ആയതിനാൽ ആത്മാവിനാൽ ജനിച്ചില്ല എങ്കിൽ അഥവാ വെള്ളത്താലും ആത്മാവിനാലും പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല (യോഹ 3:3–8). "ജഡത്താൽ ജനിച്ചതു ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവു ആകുന്നു" എന്നു ക്രിസ്തുപഠിപ്പിച്ചു (യോഹ 3:6). "നിങ്ങൾ മാനസ്സാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" എന്നു പരിശുദ്ധാത്മാവു ഉപദേശിക്കുന്നതു ഇക്കാരണത്താലാകുന്നു. എന്തുകൊണ്ടെന്നാൽ ആത്മാവിനെ അനുസരിക്കുമ്പോൾ അവൻ ആത്മാവിനാൽ ആത്മികനായി ജനിക്കുന്നു. (പ്രവൃ 2:38–39) (യോഹ 3:6).

പ്രിയരേ! ഇതൊന്നും അനുസരിക്കേണ്ട ആവശ്യമില്ലെന്നു പറയുന്നതു ആരാണു? (യോഹ 14:23–24) (യോഹ 13:20) (ഗലാ 1:6–9) (2 കൊരി 4:3) (1 യോഹ 4:6). മുതലായ വാക്യങ്ങൾ പഠിച്ചു മനസ്സിലാക്കുക.

ദൈവ വചനപ്രകാരം പുതുതായി ജനിക്കേണ്ടതിനും തദ്വാരാ രക്ഷ പ്രാപിപ്പാനും ദൈവം എല്ലാവർക്കും കൃപ നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

* * * *

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth. Post Box 3815, New Delhi 110049.

Sundays—10 : 15 to 10 : 30 P.M.
Tuesdays—9 : 30 to 9 : 45 A.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.
Thursdays—9: 00 to 9 : 15 P.M.
Fridays — 9 : 00 to 9 : 15 P. M.
Saturdays— 9 : 45 to 10 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth. Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.
Mondays—2 :30 to 2 : 45 P.M.
Tuesdays—2: 30 to 2 : 45 P.M.
Wednesdays—2 : 30 to 2 : 45 P.M.
Fridays — 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*"The Way of Truth"*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 8405, Bangalore 560084.

Tuesdays— 5 : 30 to 5 : 45 P. M.
Thursdays—6 : 45 to 7 : 00 P.M.
Sundays—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All Correspondence should be sent to Church of Christ Quilon—1,Kerala.

Tuesdays—3 : 45 to 4 : 00 P.M.
Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Regd : No. K Dis, 90095/ 86/ A8

# "യേശു: കരുണാമയനായ കർത്താവു്"



**1988 ഫെബ്രുവരി 1 മുതൽ 13 വരെ
എറണാകുളത്ത് ചിററിലപ്പിള്ളി ഹാളിൽ
ബ്രദർ ജോൺഡീഗ്ഗീൾ പ്രസംഗിക്കുന്നു.**

To

From

**THE BIBLE TRUTH**
Church of Christ
Sunny Meads Lane
Trivandrum-34
Kerala, India